بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ  نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ  وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 10

ലക്കം 42

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ഒക്ടോബർ 16 • ഹി.ശം 1404 അഖാഅ് 16 • ഹി:ഖ 1447 റബീഉൽ ആഖർ 23

## അല്ലാഹുവിന്റെ വചനം

اِنَّ اللّٰہَ یَحۡکُمُ بَیۡنَہُمۡ فِیۡ مَا ہُمۡ فِیۡہِ یَخۡتَلِفُوۡنَ ۬ؕ اِنَّ اللّٰہَ لَا یَہۡدِیۡ مَنۡ ہُوَ کٰذِبٌ کَفَّارٌ ○

﴿سُوۡرَۃُ الزُّمَر:4﴾

നിശ്ചയമായും അവർ ഭിന്നിച്ചുകൊണ്ടിരിക്കുന്ന വിഷയത്തിൽ അല്ലാഹു അവരുടെയിടയിൽ വിധി കൽപ്പിക്കുന്നതാണ്. തീർച്ചയായും കള്ളം പറയുന്നവനും നന്ദികെട്ടവനുമായവനെ അല്ലാഹു നേർവഴിയിൽ നയിക്കുകയില്ല.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**നമ്മൾ നബിﷺതിരുമേനിയുടെ പ്രവചനങ്ങളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണ്. അവയെ വകവെയ്ക്കാത്തവരാകരുത്. അങ്ങനെയായാൽ അതൊരു വൻപാപമായിരിക്കും. നാം ഹദ്റത്ത് റസൂൽകരീംﷺന്റെ ഓരോ വാക്കിനേയും ഓരോ അക്ഷരത്തേയും ബഹുമാനിക്കുന്നു. മസീഹ് മൗഊദിനുവേണ്ടി നമസ്കാരങ്ങൾ ജംഅ് ആക്കപ്പെടുമെന്ന പ്രവചനം.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഉപദേശങ്ങൾ

അല്ലാഹുവിനുവേണ്ടി നിർബന്ധ കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതുപോലെ അവൻ നല്കിയിട്ടുള്ള ഇളവുകളനുസരിച്ചും പ്രവർത്തിക്കേണ്ടതാണ്. ഫർള് അഥവാ നിർബന്ധവും അല്ലാഹുവിൽനിന്നാണ്. ഇളവും അല്ലാഹുവിൽനിന്നാണ്.

നോക്കുക. നാമും അല്ലാഹുവിന്റെ ഇളവുകളനുസരിച്ച് പ്രവർത്തിക്കുന്നു. നമസ്കാരം ജംആക്കാൻ തുടങ്ങിയിട്ട് രണ്ടുമാസത്തിലധികമായി. ഇത് രോഗംകൊണ്ടും സൂറ ഫാത്തിഹായ്ക്ക് വ്യാഖ്യാനം എഴുതുന്നതുകൊണ്ടുള്ള തിരക്കുകാരണത്താലുമാണ് അങ്ങനെ ഉണ്ടായിട്ടുള്ളത്. ഈ നമസ്കാരങ്ങൾ ജംആക്കുന്നതിനാൽ തുജ്മഉ ലഹുസ്സ്വലാത്തു എന്ന ഹദീഥും പുലർന്നുകൊണ്ടിരുക്കുന്നു; അതായത് മസീഹിനുവേണ്ടി നമസ്കാരങ്ങൾ ജംആക്കപ്പെടുന്നതായിരിക്കും. ഈ ഹദീഥിൽനിന്ന് മസീഹ് മൗഊദ് നമസ്കാരനേരത്ത് മുന്നിൽനിന്ന് നമസക്രിക്കുന്ന ഇമാം ആയിരിക്കുകയില്ല; പ്രത്യുത മറ്റാരെങ്കിലുമായിരിക്കും. ആ മുന്നിൽനിന്ന് നമസ്കരിക്കുന്ന ഇമാം മസീഹിനുവേണ്ടി നമസ്കാരങ്ങൾ ജംആക്കുന്നതായിരിക്കും. അതിനാൽ ഇപ്പോൾ അങ്ങനെതന്നെയാണ് നടക്കുന്നത്. അസുഖം കാരണം നമുക്ക് വരാൻപറ്റാത്ത ദിവസം നമസ്കാരങ്ങൾ ജംഅ് ആകാറില്ല. ഈ ഹദീഥിന്റെ വാക്കുകളിൽനിന്ന് മനസ്സിലാകുന്നത് ഹദ്റത്ത് നബിﷺതിരുമേനി വളരെ സ്നേഹപരമായ നിലയിൽ പറഞ്ഞു, അദ്ദേഹത്തിനുവേണ്ടി ജംഅ് ആക്കുന്നതായിരിക്കും. നമ്മൾ നബിﷺതിരുമേനിയുടെ പ്രവചനങ്ങളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണ്. അവയെ വകവെയ്ക്കാത്തവരാകരുത്. അങ്ങനെയായാൽ അതൊരു വൻപാപമായിരിക്കും. അല്ലാഹു എങ്ങനെയുള്ള സാഹചര്യമാണുണ്ടാക്കിയിട്ടുള്ളതെന്നാൽ, ഏത്രയോകാലമായി നമസ്കാരം ജംആയിക്കൊണ്ടിരിക്കുന്നു. ഇനി ഒന്നോരണ്ടോ ദിവസമാണ് ഇക്കാര്യം നടക്കുന്നതെങ്കിൽ അതൊരു അടയാളമായിരിക്കുകയില്ല. നാം ഹദ്റത്ത് റസൂൽകരീംﷺന്റെ ഓരോ വാക്കിനേയും ഓരോ അക്ഷരത്തേയും ബഹുമാനിക്കുന്നു."

*(മൽഫൂദാത്ത് വാല്യം 2, പേജ് 92 - 93, 2018 ഖാദിയാൻ എഡിഷൻ)*

**മുഹമ്മദു റസൂലുല്ലാഹിﷺക്ക് മദീനയിൽ അല്ലാഹു അൻസ്വാറിനെ നല്കി. അവർ ഉർവത്തുൽവുഥ്ഖായെ മുറുകെ പിടിച്ചവരായിരുന്നു. അവർ തങ്ങളുടെ ഈമാനികശക്തിയെ എത്ര ഭംഗിയായ നിലയിൽ പ്രകടിപ്പിച്ചുവെന്നാൽ അവ കണ്ടിട്ട് മനുഷ്യന്റെമനസ്സ് ആനന്ദവും സന്തോഷവുംകൊണ്ടു നിറയുന്നു. അവർ ആടുമാടുകളെപ്പോലെ തങ്ങളുടെ തലകൾ ഇസ്‌ലാമിന്റെ വഴിയിൽ മുറിപ്പിച്ചു. അതിന്റെ ചിത്രം ചരിത്രത്തിന്റേ ഏടുകളിൽമാത്രമല്ല മനസ്സുകളുടെ അഗാധതയിലും എങ്ങനെ പതിഞ്ഞിരിക്കുന്നുവെന്നാൽ, അവരുടെ ശോഭനീയമായ ത്യാഗങ്ങൾ ഖിയാമത്തുന്നാൾവരെയുള്ള തലമുറകൾക്ക് ഒരിക്കലും വിസ്മരിക്കാൻ സാധിക്കുകയില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ സൂറത്തുൽമുഅ്മിനൂനിലെ 31-ാമത്തെ വചനമായ ഇന്ന ഫീ ദാലിക്ക് ല ആയാത്തിൻവ്വഇൻകുന്നാ ലമുബത്തലീൻ എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: "മുഹമ്മദു റസൂലുല്ലാഹിﷺക്ക് മദീനയിൽ അല്ലാഹു അൻസ്വാറിനെ നല്കി. അവർ ഉർവത്തുൽവുഥ്ഖായെ(ഏറ്റവും ഉറപ്പുള്ള കൈപ്പിടി)മുറുകെ പിടിച്ചവരായിരുന്നു. അവർ തങ്ങളുടെ ഈമാനികശക്തിയെ എത്ര ഭംഗിയായ നിലയിൽ പ്രകടിപ്പിച്ചുവെന്നാൽ അവ കണ്ടിട്ട് മനുഷ്യമനസ്സ് ആനന്ദംകൊണ്ടും സന്തോഷംകൊണ്ടും നിറയുന്നു. മദീനയിൽവന്നതിനുശേഷം നബിﷺതിരുമേനിക്ക്, ശാമിൽനിന്ന് സത്യനിഷേധികളുടെ ഒരു കച്ചവടസംഘം അബൂസുഫിയാന്റെ നേതൃത്വത്തിൽ വന്നുകൊണ്ടിരിക്കുന്നുവെന്നും അവർ വഴിയിലെ എല്ലാ അറേബ്യൻ ഗോത്രങ്ങളേയും മുസ്‌ലിമീങ്ങൾക്കെതിരിൽ പ്രകോപിതരാക്കിയാണ് വരുന്നതെന്നും അറിഞ്ഞപ്പോൾ അവരുടെ ദ്രോഹങ്ങളെ തടയേണ്ടത് അനിവാര്യമാണെന്ന് അവിടന്ന് മനസ്സിലാക്കി. അങ്ങനെ നബിﷺതിരുമേനി സ്വഹാബാക്കളുടെ ഒരു സംഘത്തെ ഒപ്പംകൂട്ടി മദീനയിൽനിന്ന് പുറപ്പെട്ടു. ഇതൊരു ചെറിയ സംഘമായിരുന്നു. അതുകൊണ്ട് മുസ്‌ലിമീങ്ങൾ അതിനു വലിയ പ്രാധാന്യമൊന്നും നല്കിയില്ല. കുറച്ചാളുകൾ പോയാലും ആ സംഘത്തെ എളുപ്പത്തിൽ നേരിടാമെന്ന് അവർ മനസ്സിലാക്കി. എന്നാൽ, അല്ലാഹുവിൽനിന്ന് യഥാർഥ പോരാട്ടം ഈ കച്ചവട സംഘവുമായിട്ടല്ല പ്രത്യുത സത്യനിഷേധുകളുടെ ഒരു വലിയ സംഘവുമായിട്ടായിരിക്കുമെന്ന് നബിﷺതിരുമേനിക്ക് അറിയിപ്പുകിട്ടി, അവർ മക്കയിൽനിന്ന് ഈ സംഘത്തെ സഹായിക്കുന്നതിനുവേണ്ടി വന്നുകൊണ്ടിരിക്കുന്നു. എന്നാൽ, അതിനോടൊപ്പം ഈ രഹസ്യം വെളിപ്പെടുത്തേണ്ടന്ന് അറിയിക്കുകയും ചെയ്തിരുന്നു. കാരണം അല്ലാഹു ആഗ്രഹിച്ചിരുന്നത് സ്വഹാബാക്കളെ പരീക്ഷിക്കുക എന്നതായിരുന്നു. അവരുടെ ഉന്നത നിലയിലുള്ള ഈമാനും അവരുടെ ത്യാഗങ്ങളുടെ അതുല്യമായ ചിത്രങ്ങളും ലോകത്തിന്റെ ഏടിൽ പതിപ്പിക്കണമെന്നും അവരുടെ ആത്മാർഥത ജനങ്ങൾക്ക് ജീവസുറ്റ മാതൃകയായി പ്രയോജനപ്പെടണമെന്നും അല്ലാഹു ആഗ്രഹിച്ചിരുന്നു; അത് വരുംതലമുറയുടെ നിർജീവമായ ഞരമ്പുകളിലും ജീവിതത്തിന്റെ രക്തം ഓടിക്കുന്നതിന്! മദീനയിൽനിന്ന് ഒരുപാടുദിവസത്തെ യാത്രാദൂരത്ത് അവിടന്നെത്തിയപ്പോൾ സ്വഹാബത്തിനെ വിളിച്ചുകൂട്ടി. അവരോടു പറഞ്ഞു:'അല്ലാഹുവിന്റെ ഉദ്ദേശ്യം മക്കയിലെ സത്യനിഷേധികളുടെ ഒരു വലിയ സൈന്യവുമായി നിങ്ങളുടെ പോരാട്ടമുണ്ടാകണമെന്നാണ്. നിങ്ങളുടെ അഭിപ്രായമെന്താണെന്ന് പറയുക?'

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**നബിﷺതിരുമേനി ഒരു യുദ്ധത്തിനയച്ചുകൊണ്ട് ഉപദേശിച്ചു: 'സലാം നന്നായി പ്രചരിപ്പിക്കുക.' അതായത് സമാധാനം പ്രചരിപ്പിക്കുക. 'ആളുകൾക്ക് ഭക്ഷണം നൽകുക, അവരെ പട്ടിണിക്കിടരുത്. ഒരു മാന്യനായ മനുഷ്യൻ തന്റെ വീട്ടുകാരോട് ലജ്ജിക്കുന്നതുപോലെ അല്ലാഹുവിനെ ഭയപ്പെടുക. എന്തെങ്കിലും തെറ്റോ പാപമോ ചെയ്താൽ, ഉടൻതന്നെ ഒരു നന്മ ചെയ്യുക, കാരണം നന്മകൾ പാപങ്ങളെ ഇല്ലാതാക്കുന്നു.'**

**ഹുനയ്ൻ യുദ്ധത്തിലും അല്ലാഹുവിൽനിന്ന് അത്തരം സൈന്യങ്ങൾ ഇറങ്ങിയതായിട്ടുള്ള വിവരം ലഭിക്കുന്നുണ്ട്. അവർ മലക്കുകളായിരുന്നുവെന്ന് വ്യാഖ്യാനിക്കപ്പെടുന്നു.**

**നിങ്ങൾ നല്ലവണ്ണം ഓർത്തുകൊള്ളുക, മരിക്കാൻ തയ്യാറായ ഒരാളെ ആർക്കും കൊല്ലാൻ കഴിയില്ല. സത്യസന്ധമായി മരണം വരിക്കുന്നവർ പ്രവാചകന്മാരുടെ സമൂഹം മാത്രമാണ്. അങ്ങനെയെങ്കിൽ അവരെ ആർക്കെങ്കിലും കൊല്ലാൻ കഴിയുമോ? ഒരിക്കലുമില്ല. ശാശ്വതമായ ജീവിതം നേടുന്നതിനുള്ള യഥാർഥവഴി, മനുഷ്യൻ അല്ലാഹുവിനുവേണ്ടി മരണം വരിക്കുക എന്നതാണ്. ഒരു മനുഷ്യൻ ഈ ഉദ്ദേശ്യത്തോടെ ഒരുങ്ങി വരുമ്പോൾ, അല്ലാഹുവിന്റെ മലക്കുകൾ അവനെ ജീവിപ്പിക്കാൻ ഒരുങ്ങിവരുന്നു. ഒരു ഗുസ്തിതന്നെ നടക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ മരണം വരിക്കാൻ മനുഷ്യൻ ശ്രമിക്കുന്നു. മലക്കുകളാകട്ടെ, അവനെ ജീവനോടെ നിലനിറുത്താൻ ശക്തിചെലുത്തുന്നു. (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضی اللہ عنہ)**

**ഹിജ്റ 8-ൽ നടന്ന ചിലയുദ്ധങ്ങളുടേയും സരിയത്തുകളുടേയും പശ്ചാത്തലത്തിൽ നബിചരിത വിവരണത്തിന്റെ ചർച്ച.**

**ഡോക്ടർ സയ്യിദ് ശിഹാബ് അഹ്‌മദ് സാഹിബ് ഓഫ് കാനഡ, മുബാറക് ഘോഘർ സാഹിബ് ഓഫ് ലാഹോർ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ 2025 സെപ്റ്റംബർ 12, 1404 ളുഹൂർ 12, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹുനയ്ൻ യുദ്ധത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞുകൊണ്ടിരുന്നത്. അതിന്റെ കൂടുതൽ വിവരങ്ങൾ ഇപ്രകാരമാണ്. ഹുനയ്ൻ യുദ്ധത്തിലും അല്ലാഹുവിന്റെ ഭാഗത്തുനിന്ന് സൈന്യങ്ങൾ ഇറങ്ങിയതായി പരാമർശമുണ്ട്. അവരെ മലക്കുകളായി വ്യാഖ്യാനിക്കുന്നു. ഹുനയ്ൻ യുദ്ധത്തെക്കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

**അഊദുബില്ലാഹി മിനശ്ശയ്ത്വാനിർറജീം ഥുമ്മ അൻസലല്ലാഹു സക്കീനത്തഹു അലാ റസൂലിഹി വ അലൽ മുഅ്മിനീന വ അൻസല ജുനൂദൻ ല്ലംതറൗഹാ വ അദ്ദബല്ലദീന കഫറൂ വ ദാലിക്ക ജസാഉൽ കാഫിറൂൻ**(9:26)

പിന്നീട് അല്ലാഹു തന്റെ ദൂതനും സത്യവിശ്വാസികൾക്കും അവന്റെ പക്കൽനിന്നുള്ള മനഃസമാധാനം ഇറക്കി. നിങ്ങൾ കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങളെയും അവൻ ഇറക്കുകയുണ്ടായി. അവിശ്വസിച്ചവരെ അവൻ ശിക്ഷിക്കുകയും ചെയ്തു. അതാണ് അവിശ്വാസികളുടെ പ്രതിഫലം.

ഖുർആൻ വ്യാഖ്യാതാക്കളും ജീവചരിത്രകാരന്മാരും ഈ യുദ്ധത്തിൽ മലക്കുകൾ ഇറങ്ങിയതിനെക്കുറിച്ച് വിവിധതരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ട്. ചിലയാളുകൾ കരുതുന്നത് മലക്കുകളുടെ ഇറക്കം സത്യവിശ്വാസികൾക്ക് സന്തോഷവാർത്ത നൽകാനും അവരുടെ മനസ്സിന് സമാധാനം നൽകാനും മാത്രമായിരുന്നുവെന്നാണ്; അല്ലാതെ മലക്കുകൾ യുദ്ധത്തിൽ പ്രാവർത്തികമായി പങ്കെടുത്തിരുന്നില്ലത്രെ! ഈ ചിന്തയും ചില സ്വഹീഹായ ഹദീഥുകൾക്ക് വിരുദ്ധമാണ്. മലക്കുകൾ യുദ്ധത്തിൽ പ്രാവർത്തികമായി പങ്കെടുത്തുവെന്ന് സ്വഹീഹായ നിവേദനങ്ങളിൽനിന്ന് സ്ഥാപിതമാണ്. എന്നാൽ, ഇവിടെ ഒരു ചോദ്യം ഉയരുന്നുണ്ട്. സഹായത്തിന് ഒരു മലക്ക് മാത്രം പോരായിരുന്നോ? എന്തിനാണ് ആയിരക്കണക്കിന് മലക്കുകളിറങ്ങിയത്? ഇമാം ഇബ്നു കഥീർ, യുദ്ധനേരത്ത് മലക്കുകളുടെ ഇറക്കത്തെ സംബന്ധിച്ച് സ്വഹീഹയ്നിലുള്ള ഹദീഥുകൾ ഉദ്ധരിച്ചതിനുശേഷം എഴുതുന്നു: 'അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള മലക്കുകളുടെ ഇറക്കവും അതിനെക്കുറിച്ചുള്ള വിവരം മുസ്‌ലിമീങ്ങൾക്ക് നൽകലും സന്തോഷവാർത്ത എന്ന നിലയിലായിരുന്നു. അല്ലാത്തപക്ഷം, അല്ലാഹുവിന് ഇതില്ലാതെയും തന്റെ ശത്രുക്കൾക്കെതിരെ മുസ്‌ലിമീങ്ങളെ സഹായിക്കാൻ കഴിയുമായിരുന്നു. അതുകൊണ്ടാണ് അവൻ പറഞ്ഞത്, 'സഹായം അല്ലാഹുവിന്റെ ഭാഗത്തുനിന്ന് മാത്രമാണെന്ന്!' സൂറ മുഹമ്മദിൽ പറയുന്നു, "അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഈ അവിശ്വാസികളോടു അവൻതന്നെ പ്രതികാരം ചെയ്യുമായിരുന്നു, പക്ഷേ, അവൻ പരീക്ഷിക്കുകയാണ്."*(അൽഫള്ൽ ഇന്റർനാഷണൽ, 24-29 ജൂലൈ 2023, പേജ് 8-9, ജുമുഅ ഖുത്ബ 2023, ജൂലൈ 7)*

ഹദ്റത്ത് മസീഹ് മൗഊദുംعلیہ السلام ഇക്കാര്യം പ്രസ്താവിച്ചിട്ടുണ്ട്. അവിടന്ന് പറയുന്നു: 'ഖുർആനിൽ മലക്കുകളുടെ സഹായത്തെക്കുറിച്ചുള്ള സന്തോഷവാർത്തയുടെ സംഭവം സത്യവിശ്വാസികളുടെ ഹൃദയങ്ങൾക്ക് സമാധാനം നൽകാനും യുദ്ധത്തിൽ അവർക്ക് ഭയം തോന്നാതിരിക്കാനും വേണ്ടിയാണ് പറഞ്ഞിട്ടുള്ളത്. അതിനാൽ താൻ അയ്യായിരം മലക്കുകളെക്കൊണ്ട് അവരെ സഹായിക്കാൻ വരുമെന്ന് അല്ലാഹു ഖുർആനിൽ സത്യവിശ്വാസികളോടു വാഗ്ദാനം ചെയ്യുകയും സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു. ഈ എണ്ണം വർധിപ്പിച്ച് കാണിച്ചത് അവർക്ക് സന്തോഷവാർത്ത നൽകാൻ വേണ്ടിയാണ്. മലക്കുകളിൽ ഒരു മലക്കിനുപോലും തന്റെ രക്ഷിതാവിന്റെ കൽപ്പനപ്രകാരം ഭൂമിയെ കീഴ്മേൽ മറിക്കാൻ കഴിയും. അതിന് അയ്യായിരത്തിന്റെ എന്നല്ല, അഞ്ചിന്റെ പോലും ആവശ്യമില്ല. എന്നാൽ, അല്ലാഹു അവർക്ക് മഹത്തായ സഹായം കാണിച്ചുകൊടുക്കാനാഗ്രഹിച്ചു. അതുകൊണ്ട് സഹായം നൽകുന്നവന്റെ ആധിക്യം പ്രകടമാകുന്ന പദം തിരഞ്ഞെടുത്തു. ഇതേ ഉദ്ദേശ്യമാണ് എടുത്തിരുന്നത്. *(അത്തബ്ലീഗ് ഉർദു തർജമ, റൂഹാനീ ഖസാഇൻ വാള്യം 5, പേജ് 448)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദുംرضی اللہ عنہ തഫ്സീറെ സ്വഗീറിൽ ഇതിനെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് നൽകിയിട്ടുണ്ട്. സൂറത്ത് ആലു ഇംറാനിലെ 127-ാം വാക്യത്തിന്റെ വ്യാഖ്യാനത്തിൽ അവിടന്നെഴുതുന്നു:

“സ്വപ്നത്തിലോ കശ്ഫ് അഥവാ ദർശനത്തിലോ സന്തോഷവാർത്ത ലഭിക്കുന്നതിലൂടെ മനുഷ്യന്റെ ധൈര്യം വർധിക്കുന്നതിലാണ് മലക്കുകളെക്കുറിച്ച് പരാമർശിച്ചത്. യഥാർഥ ഉദ്ദേശ്യം അല്ലാഹു സഹായിക്കുമെന്നതായിരുന്നു.” അതായത്, ഇത് കശ്ഫിയായ അവസ്ഥയിൽ വെളിപ്പെട്ട ഒന്നായിരുന്നു. *(തഫ്സീറെ സഗീർ പേജ് 96, സൂറ ആലുഇംറാൻ, ആയത്ത് 127)*

വീണ്ടും അവിടന്ന് ഒരു സ്ഥലത്ത് പറയുന്നു: “നിങ്ങൾ നല്ലവണ്ണം ഓർത്തുകൊള്ളുക, മരിക്കാൻ തയ്യാറായ ഒരാളെ ആർക്കും കൊല്ലാൻ കഴിയില്ല. സത്യസന്ധമായി മരണം വരിക്കുന്നവർ പ്രവാചകന്മാരുടെ സമൂഹം മാത്രമാണ്. അങ്ങനെയെങ്കിൽ അവരെ ആർക്കെങ്കിലും കൊല്ലാൻ കഴിയുമോ? ഒരിക്കലുമില്ല. ശാശ്വതമായ ജീവിതം നേടുന്നതിനുള്ള യഥാർഥവഴി, മനുഷ്യൻ അല്ലാഹുവിനുവേണ്ടി മരണം വരിക്കുക എന്നതാണ്. ഒരു മനുഷ്യൻ ഈ ഉദ്ദേശ്യത്തോടെ ഒരുങ്ങി വരുമ്പോൾ, അല്ലാഹുവിന്റെ മലക്കുകൾ അവനെ ജീവിപ്പിക്കാൻ ഒരുങ്ങിവരുന്നു. ഒരു ഗുസ്തിതന്നെ നടക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ മരണം വരിക്കാൻ മനുഷ്യൻ ശ്രമിക്കുന്നു. മലക്കുകളാകട്ടെ, അവനെ ജീവനോടെ നിലനിറുത്താൻ ശക്തിചെലുത്തുന്നു.

അല്ലാഹുവിന്റെ ദാസൻ ‘താൻ അല്ലാഹുവിനുവേണ്ടി മരിക്കാനാഗ്രഹിക്കുന്നു’ എന്ന് പറയുമ്പോൾ, അല്ലാഹുവിന്റെ എല്ലാ മലക്കുകളും ‘തങ്ങൾ നിന്നെ മരിക്കാൻ അനുവദിക്കില്ല’ എന്ന് പറയുന്നു. അവസാനം മലക്കുകൾ വിജയിക്കുന്നു. മനുഷ്യൻ മരിക്കാനാഗ്രഹിക്കുകയും അതിനുവേണ്ടി അവൻ മരണത്തിന് കാരണമാകുന്ന സാഹചര്യങ്ങളിൽ സ്വയംതന്നെ തള്ളിവിടുകയും ചെയ്യുന്നെങ്കിലും അവൻ മരിക്കുന്നില്ല........ഹുനയ്ൻ സംഭവം നോക്കൂ, ശത്രു മുന്നോട്ട് കടന്നാക്രമിച്ചപ്പോൾ, നബിﷺ തിരുമേനിയുടെ അടുത്ത് പന്ത്രണ്ടുപേർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ബാക്കിയെല്ലാവരും ശത്രുക്കളുടെ ശരവർഷത്താൽ ചിതറിപ്പോയിരുന്നു. അപ്പോൾ ഹദ്റത്ത് അബ്ബാസ്رضപറഞ്ഞു:‘ ഹുദൂർ, അൽപ്പം പിന്നോട്ട് മാറിയാലും.’ പക്ഷേ, അവിടന്ന് തന്റെ വാഹനത്തെ മുന്നോട്ടു തെളിച്ചുകൊണ്ടു പറഞ്ഞു:

**‘അനന്നബിയ്യു ലാ കദിബ്, അനബ്നു അബ്ദിൽ മുത്ത്വലിബ്’**

ഞാൻ നബിയാണ്;കള്ളനല്ല. ഞാനെങ്ങനെ എന്റെ പിൻപുറം കാണിക്കാനാണ്? ഇതെങ്ങനെയുള്ള ഒരു വാക്യമായിരുന്നെന്നാൽ അത് മനുഷ്യത്വത്തെ മറപ്പിച്ച് അല്ലാഹുവിന്റെ മുമ്പിൽ കൊണ്ടുവരുന്നതായിരുന്നു. നാലായിരം അമ്പെയ്ത്തുകാർക്കെതിരെ ഒരാൾ പറയുകയാണ് തനിക്ക് ഇവിടെ നിന്ന് മാറാൻ കഴിയില്ലെന്ന്. ഇത് മനുഷ്യനല്ല, പ്രത്യുത അല്ലാഹുവാണ് സംസാരിക്കുന്നത്. നബിﷺതിരുമേനി ആ സമയം താൻ അബ്ദുൽ മുത്ത്വലിബിന്റെ മകനാണെന്നും പറഞ്ഞു. അതായത് ഞാൻ ഒരു മനുഷ്യൻ തന്നെയാണെന്ന്! നബിﷺതിരുമേനി താൻ അല്ലാഹുവിന്റെ മാർഗത്തിൽ മരിക്കാനാഗ്രഹിക്കുന്നുവെന്ന് പറഞ്ഞപ്പോൾ, അല്ലാഹുവിന്റെ മലക്കുകൾ ഇറങ്ങിവരികയും, ഹുനയ്നിലെ പരാജയം വിജയത്തിൽ കൊണ്ടുവരുകയും ചെയ്തു. അങ്ങനെ അവിടന്ന് വിജയിയായി യുദ്ധക്കളത്തിൽ നിന്ന് മടങ്ങി.”*(ഖുത്ബാത്തെ ശൂറാ വാള്യം 1, പേജ് 612-613, മജ്ലിസെ മുശാവറത്ത് 1935, നളാറത്ത് നശ്ർ വ ഇശാഅത്ത് ഖാദിയാൻ 2013)*

ശത്രുവിന്റെ പരാജയത്തെക്കുറിച്ചും അവർ പിന്തിരിഞ്ഞോടിയതിനെക്കുറിച്ചുമുള്ള കാര്യങ്ങൾ മുമ്പേ വിവരിച്ചിട്ടുണ്ട്. നബിﷺ തിരുമേനി അൻസ്വാറിനെ വിളിച്ചപ്പോൾ അവർ തിരിച്ചുവന്നു. അവർ വലിയ ആവേശത്തോടെ യുദ്ധം തുടങ്ങി. അതോടൊപ്പം, നബിﷺതിരുമേനി ദുആ ചെയ്യുകയും തന്റെ കൈകൊണ്ട് ഒരു പിടി പൊടിക്കല്ലെടുത്ത് അവിശ്വാസികളുടെ നേരെ എറിയുകയും ചെയ്തു. ഇതിന്റെ ഫലമായി, മുഹമ്മദ് ഇന്നുവരെ യുദ്ധക്കൊതിയരായ സമൂഹവുമായി യുദ്ധം ചെയ്തുട്ടില്ലെന്നും നമ്മളുമായി ഏറ്റുമുട്ടിയാൽ യുദ്ധം എന്താണെന്ന് തങ്ങൾ കാണിച്ചുകൊടുക്കുമെന്നും വീമ്പിളക്കിയിരുന്ന ഹവാസിൻ ഗോത്രക്കാർ-വാസ്തവത്തിൽ അവർ ശക്തരായ ഗോത്രം തന്നെയായിരുന്നു, വെറും വാദങ്ങൾ മാത്രമായിരുന്നില്ല-അവർ കുറച്ചുനേരം മാത്രം യുദ്ധം ചെയ്തശേഷം പരാജയപ്പെട്ട് ഓടിപ്പോകാൻ തുടങ്ങി. അവർക്കാർക്കും തങ്ങളുടെ ഭാര്യമാരുടെയും കുട്ടികളുടെയും കന്നുകാലികളുടെയും കാര്യം ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. ധാരാളമാളുകൾ മുസ്‌ലിമീങ്ങളാൽ കൊല്ലപ്പെടുകയും ആയിരക്കണക്കിന് ആളുകൾ തടവിലാക്കപ്പെടുകയും ചെയ്തു, ഓടിപ്പോയവരിൽ ഭൂരിഭാഗവും ഔത്വാസിന്റെ താഴ്‌വരയിൽ ഓടിപ്പോകുകയും ചെയ്തു.*(ശറഹ് സർഖാനീ വാള്യം 3, പേജ് 530 -531, സർഖാനീ വാള്യം 4, പേജ് 19, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996)*

ഈ യുദ്ധത്തിൽ ഹവാസിൻ ഗോത്രത്തിലെ നൂറുക്കണക്കിനാളുകൾ കൊല്ലപ്പെട്ടു. ഹദ്റത്ത് അബൂ ത്വൽഹرضഇരുപത് മുശ്രിക്കുകളെ അതായത് അന്യാരാധകരെ കൊന്നു. അതുപോലെ, ഔത്വാസ് യുദ്ധത്തിൽ അന്യാരാധകരുടെ മുന്നൂറാളുകൾ കൊല്ലപ്പെട്ടു. *(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി ﷺ, വാള്യം 9, പേജ് 285, ബസം ഇഖ്ബാൽ ലാഹോർ)*

ഹവാസിൻ ഗോത്രക്കാർ ഓടിപ്പോയെങ്കിലും, ഥഖീഫ് ഗോത്രത്തിലെ പോരാളികൾ ഉറച്ചുനിന്നു, വളരെ ധീരമായി യുദ്ധം ചെയ്തുകൊണ്ടിരുന്നു. എഴുപതുപേർ കൊല്ലപ്പെടുന്നതുവരെ അവർ യുദ്ധം ചെയ്തു. അവരുടെ അവസാനത്തെ പതാകവാഹകനായിരുന്ന ഉഥ്മാൻ ബിൻ അബ്ദുല്ലാഹ് വധിക്കപ്പെട്ടപ്പോൾ, ഥഖീഫ് ഗോത്രവും ഓടിപ്പോയി. ഉഥ്മാൻ വധിക്കപ്പെട്ട വാർത്ത നബിﷺ തിരുമേനിയുടെ അടുത്തെത്തിയപ്പോൾ, അവിടന്ന്ﷺആ ഇസ്‌ലാമിന്റെ ശത്രുവിനെക്കുറിച്ച് പറഞ്ഞു: ‘അല്ലാഹു അവനെ തന്റെ കാരുണ്യത്തിൽനിന്ന് അകറ്റട്ടെ, അവന് ഖുറയ്ശികളോടു വിദ്വേഷമുണ്ടായിരുന്നു.’ അതേ സമയം, അദ്ദേഹത്തെ വധിച്ച ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീ ഉമയ്യക്ക് അവിടന്ന് കാരുണ്യം ലഭിക്കാനായി ദുആ ചെയ്തു. ഹദ്റത്ത് അബ്ദുല്ലാഹ്رضപറഞ്ഞു, ‘അല്ലാഹു എനിക്ക് ഈ അവസ്ഥയിൽത്തന്നെ ശഹാദത്ത് നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.’ അങ്ങനെ, അദ്ദേഹം ത്വാഇഫിന്റെ ഉപരോധത്തിനിടയിൽ ശഹീദായി. ചില റിപ്പോർട്ടുകളനുസരിച്ച്, അവസാന പതാകവാഹകനായ ഉഥ്മാൻ ബിൻ അബ്ദുല്ലായെ വധിച്ചത് ഹദ്റത്ത് അലിയാണ്رض.*(മഗാസി അൽവാഖിദി വാള്യം 3, പേജ് 911-912, ആസമുൽകുതുബ് 1984) (ത്വബഖാത്ത് ഇബ്നുസഅ്ദ്, വാള്യം 6, പേജ് 55, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്) (ശറഹ് സർഖാനീ വാള്യം 3, പേജ് 531, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സുബുലുൽഹുദാ വർറശാദ് ഫീ സീറത്തിൽ ഖയ്റുൽഇബാദി, വാള്യം 5, പേജ് 334, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്).* പക്ഷേ, ആദ്യത്തേതാണ് കൂടുതൽ വിശദമായിട്ടുള്ളത്.

ഈ യുദ്ധത്തിൽ നാലു സ്വഹാബിമാരാണ് ശഹീദായത്. അവരുടെ പേരുകൾ ഇവയാണ്:ഹദ്റത്ത് ഉമ്മു അയ്മന്റെ മകൻ അയ്മൻ ബിൻ ഉബയ്ദ്. ഉമ്മു അയ്മൻ നബിﷺതിരുമേനിയുടെ വളർത്തുമ്മയും സംരക്ഷകയുമായിരുന്നു. സുറാഖാ ബിൻ ഹാരിഥ്. ഇദ്ദേഹം ഒരു അൻസ്വാരി സ്വഹാബിയായിരുന്നു. ഇദ്ദേഹത്തിന്റെ മകൻ ഹാരിഥ ബിൻ സുറാഖാ ബദ്ർ യുദ്ധത്തിൽ ശഹീദായിരുന്നു. യസീദ് ബിൻ സംഅ. ഇദ്ദേഹം ആദ്യകാലത്ത് ഇസ്‌ലാം സ്വീകരിച്ചവരിൽപ്പെട്ട ആളായിരുന്നു. ജാഹിലിയ്യാ കാലഘട്ടത്തിലും ഖുറയ്ശികൾക്കിടയിൽ അദ്ദേഹത്തിന് ഉയർന്ന സ്ഥാനമുണ്ടായിരുന്നു. പ്രധാന കാര്യങ്ങളിൽ ഖുറയ്ശികൾ അദ്ദേഹത്തിന്റെ ഉപദേശം തേടിയിരുന്നു. ഇദ്ദേഹം ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മു സലമയുടെرضസഹോദരിയുടെ മകനായിരുന്നു. യുദ്ധക്കളത്തിൽ കുതിരയുടെ ചവിട്ടേറ്റാണ് ഇദ്ദേഹം ശഹീദായത്. ഇദ്ദേഹം താഴെ വീഴുകയും കുതിരയുടെ കാലിന്നടിയിൽപ്പെടുകയുമായിരുന്നു. ചിലരുടെ അഭിപ്രായത്തിൽ, ഇദ്ദേഹത്തിന്റെ ശഹാദത്ത് ത്വാഇഫ് യുദ്ധത്തിലായിരുന്നു. അത് പിന്നീട് വിവരിക്കുന്നതാണ്. നാലാമത്തെ വ്യക്തി ഹദ്റത്ത് അബൂ ആമിർرضആയിരുന്നു. ഇദ്ദേഹത്തെക്കുറിച്ചുള്ള വിശദീരണം പിന്നീട് ഔത്വാസ് യുദ്ധത്തിൽ വരുന്നതായിരിക്കും. *(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 9, പേജ് 284, ബസം ഇഖ്ബാൽ ലാഹോർ)(ഉസുദുൽഗാബ, പദം യസീദ് ബിൻ സംഅ, വാള്യം 5, പേജ് 453, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് ആഇദ്رضവിവരിക്കുന്നു: ‘ഹുനയ്ൻ യുദ്ധത്തിൽ എന്റെ നെറ്റിയിൽ ഒരു അമ്പു തറച്ചു, രക്തം എന്റെ മുഖത്തും നെഞ്ചിലും ഒഴുകിപ്പരന്നു. നബിﷺതിരുമേനി തന്റെ കൈ എന്റെ മുഖത്തും നെഞ്ചിലും വയറിലും വെച്ചു. അവിടന്ന് രക്തം തുടച്ചു നീക്കി. അതോടെ രക്തസ്രാവം

പെട്ടെന്ന് നിലച്ചു. അതിനുശേഷം അവിടന്ന് എനിക്ക് വേണ്ടി ദുആ ചെയ്തു. ചില നിവേദനങ്ങളിൽ പറയുന്നതനുസരിച്ച്, നബിﷺതിരുമേനി സ്പർശിച്ചതിന്റെ അടയാളങ്ങൾ അദ്ദേഹത്തിന്റെ ശരീരത്തിൽ തുടർന്നും കണ്ടിരുന്നു.*(സീറത്തുൽഹൽബിയ്യ, വാല്യം 3, പേജ് 162, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)(ശറഹ് സർഖാനീ വാല്യം 5, പേജ് 457, ദാറുൽകുതുബുൽ ഇൽമിയ്യ 1996)*

ഒരു കുതിരപ്പടയുടെ നേതാവായിരുന്ന ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്رضයുദ്ധാരംഭത്തിൽത്തന്നെ ഗുരുതരമായി പരിക്കേറ്റിരുന്നു. നേരത്തെ പറഞ്ഞതുപോലെ, സൈന്യം ചിതറിപ്പോയപ്പോൾ അദ്ദേഹം താഴെ വീണു. ഒരു നിവേദകൻ വിവരിക്കുന്നു: 'അവിശ്വാസികൾ പരാജയപ്പെട്ടപ്പോൾ മുസ്‌ലിമീങ്ങൾ തങ്ങളുടെ കൂടാരങ്ങളിലേക്ക് മടങ്ങി. നബിﷺ തിരുമേനി ആളുകൾക്കിടയിൽ നടക്കുന്നത് ഞാൻ കണ്ടു. അവിടന്ന് ചോദിച്ചു. 'ആരാണ് എന്നെ ഖാലിദ് ബിൻ വലീദിന്റെ അടുത്തെത്തിക്കുക?' അവിടന്ന് ഖാലിദിന്റെ അടുത്തെത്തിയപ്പോൾ, അദ്ദേഹം ഒരു ഒട്ടകത്തെ ചാരി ഇരിക്കുകയായിരുന്നു. നബിﷺ തിരുമേനി ഖാലിദിന്റെ അടുത്തിരിക്കുകയും മുറിവ് പരിശോധിക്കുകയും അതിൽ തന്റെ ഉമിനീർ പുരട്ടുകയും ചെയ്തു, അതിലൂടെ അദ്ദേഹത്തിന് സൗഖ്യം ലഭിച്ചു. ഇതിനുപുറമെ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീ ഔഫാ رض, ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് رض, ഹദ്റത്ത് ഉമർ رض, ഹദ്റത്ത് ഉഥ്മാൻ رض, ഹദ്റത്ത് അലിرض എന്നിവർക്കും പരിക്കേറ്റിരുന്നു. *(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാല്യം 9, പേജ് 279, ബസം ഇഖ്ബാൽ ലാഹോർ)(സീറത്തുൽഹൽബിയ്യ വാല്യം 3, പേജ് 162, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)(അസ്സീറത്തുന്നബ്‌വിയ്യ അസ്സഹീഹ മുഹാവിലത്തുത്തത്ബീഖ്, ഖവാഇദുൽ മുഹദ്ദിഥീൻ ഭാഗം 2, പേജ് 504, മക്തബുൽ ഉലൂം വൽഹുക്മു 1914)*

മക്കയിലെയും മദീനയിലെയും ആളുകൾക്ക് ഹുനയ്നിലെ വിജയത്തിന്റെ സന്തോഷവാർത്ത അയച്ചു. തുടക്കത്തിൽ, ഹുനയ്ൻ യുദ്ധക്കളത്തിൽനിന്ന് ചില മുസ്‌ലിമീങ്ങൾ ഓടിപ്പോയപ്പോൾ, അവരിൽ ചിലർ മക്കയിൽ പോവുകയും മുസ്‌ലിമീങ്ങൾ പരാജയപ്പെട്ടുവെന്നും, നബിﷺതിരുമേനി ശഹീദായെന്നും (നഊദുബില്ലാഹ്) പറഞ്ഞു. ഈ വാർത്ത കേട്ട് മക്കയിലെ കപടവിശ്വാസികളും വിദ്വേഷമുള്ളവരും വളരെ സന്തോഷിച്ചു. അവർ പറഞ്ഞു: 'ഇനി അറബികൾ അവരുടെ പൂർവ്വികരുടെ മതത്തിൽ തിരികെ വരുന്നതാണ്. ഈ അവസരത്തിൽ, മക്കയിലെ അമീറായ അത്താബ് ബിൻ അസീദ്رضവലിയ ധൈര്യവും വീര്യവും കാണിച്ചു. അദ്ദേഹം മക്കയിലെ ജനങ്ങളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: **'ഇൻ ഖുതില മുഹമ്മദുൻ ഫഇന്ന ദീനല്ലാഹി ഖാഇമുൻ വല്ലദീ യഅ്ബുദുഹു മുഹമ്മദുൻ ഫഹയ്യുൻ ലാ യമൂതു.'** (മുഹമ്മദ് ശഹീദായിട്ടുണ്ടെങ്കിൽ പോലും, അല്ലാഹുവിന്റെ മതം എന്നെന്നും നിലനിൽക്കുന്നതാണ്. മുഹമ്മദ് ആരെയാണോ ആരാധിച്ചിരുന്നത് അതായത് അല്ലാഹു, അവൻ എന്നെന്നും ജീവിക്കുന്നവനാണ്, അവനൊരിക്കലും മരിക്കുകയില്ല). ഇതിനുശേഷം അധികം താമസിയാതെ ഹുനയ്നിൽനിന്ന് മുസ്‌ലിമീങ്ങൾക്ക് വിജയം ലഭിച്ചുവെന്നും, ബനു ഹവാസിൻ കനത്ത പരാജയം ഏറ്റുവാങ്ങി ഓടിപ്പോയെന്നുമുള്ള സന്തോഷവാർത്ത വന്നെത്തി. ഇതുപോലെ മദീനയിലും പരാജയത്തിന്റെ വാർത്ത നേരത്തെ എത്തിയിരുന്നു. ആരോ അത് അവിടെ എത്തിച്ചിരുന്നു. നബിﷺതിരുമേനി ഹദ്റത്ത് നഹീക് ബിൻ ഔസിനെ വിജയവാർത്ത അറിയിക്കാൻ മദീനയിൽ അയച്ചു. അദ്ദേഹം പറയുന്നു: 'ഞാൻ സന്ധ്യയോടെ പുറപ്പെട്ടു. വഴിയിലാളുകൾ സംസാരിക്കുന്നത് കേട്ടു, 'മുഹമ്മദിന്റെ സൈന്യത്തിന് ഇത്രയും വലിയ പരാജയം മുമ്പേ ഉണ്ടായിട്ടില്ല. മാലിക് ബിൻ ഔഫിന്റെ സൈന്യം മുഹമ്മദിന്റെ സൈന്യത്തെ കീഴടക്കിയിരിക്കുന്നു.' അപ്പോൾ ഞാൻ പറഞ്ഞു, 'ഇതെല്ലാം നുണയാണ്, അല്ലാഹു തന്റെ പ്രവാചകന് വിജയം നൽകിയിരിക്കുന്നു, അവരുടെ സ്ത്രീകളെയും കുട്ടികളെയും യുദ്ധത്തടവുകാരായി നൽകിയിരിക്കുന്നു.' ഞാൻ ഈ വാർത്ത അറിയിച്ച് മൂന്നുദിവസം കൊണ്ട് മദീനയിലെത്തി. അതിനുമുമ്പേ ഞാൻ ഇത്രയും വേഗം യാത്ര ചെയ്തിട്ടില്ലായിരുന്നു, അതായത് ഞാൻ തുടർച്ചയായി അതിവേഗം യാത്ര ചെയ്തു. പിന്നെ ഞാൻ മദീനയിലെത്തി പ്രഖ്യാപിച്ചു, 'അല്ലാഹുവിന്റെ കാരുണ്യം കൊണ്ട് മുഹമ്മദ്ﷺസുരക്ഷിതനാണ്, മുസ്‌ലിമീങ്ങൾക്ക് വൻ വിജയം ലഭിച്ചിരിക്കുന്നു. ഞാൻ അവിടെ നിന്ന് പുറപ്പെടുമ്പോൾ, മുസ്‌ലിമീങ്ങൾ ചില യുദ്ധമുതൽ ശേഖരിച്ചിരുന്നു, ചിലത് ശേഖരിച്ചുകൊണ്ടിരിക്കുകയുമായിരുന്നു. പിന്നെ അദ്ദേഹം നബിﷺതിരുമേനിയുടെ ഭാര്യമാരുടെ മുറികളിൽ പോകുകയും നബിﷺതിരുമേനിയുടെ സുരക്ഷയെക്കുറിച്ചുള്ള സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു. അതിന് അവർ എല്ലാവരും അല്ലാഹുവിന് നന്ദി പറയുകയും സന്തോഷിക്കുകയും ചെയ്തു.*(സുബുലുൽഹുദാ വർറശാദ്, വാല്യം 5, പേജ് 320,340 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)സർഖാനീ വാല്യം 3, പേജ് 508, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാല്യം 9, പേജ് 280–282, ബസം ഇഖ്ബാൽ ലാഹോർ)*

ബനു ഹവാസിന്റെ സൈന്യാധിപനായിരുന്ന മാലിക് ബിൻ ഔഫ് വളരെ കഷ്ടപ്പെട്ട് യുദ്ധക്കളത്തിൽനിന്ന് ജീവനുംകൊണ്ട് ഓടിപ്പോയിരുന്നു. അദ്ദേഹവും കൂട്ടാളികളും ഒരു മലയിടുക്കിൽ ഒത്തുകൂടി. അദ്ദേഹം അവരോടു 'ദുർബലരായ ആളുകളും നിങ്ങളുടെ സഹോദരങ്ങളും നിങ്ങളോടൊപ്പം ചേരുന്നതുവരെ കാത്തിരിക്കുക' എന്നു പറഞ്ഞു. ഹദ്റത്ത് സുബയ്ർ ബിൻ അവാംرض അവരെ കണ്ടപ്പോൾ ആക്രമിച്ചു. മാലിക് അവിടെനിന്ന് ഥഖീഫിന്റെ കോട്ടയിൽ പ്രവേശിച്ചു.*(സീറത്ത് ഇബ്നുഹിശാം പേജ് 771, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

മുഹല്ലിം ബിൻ ജഥ്ഥാമ ഒരാളെ കൊന്നതും അതിനുള്ള നഷ്ടപരിഹാരത്തിന്റെ സംഭവത്തെക്കുറിച്ചുമുള്ള കൂടുതൽ വിശദീകരണം ഇപ്രകാരമാണ്: മക്കാ വിജയത്തെക്കുറിച്ചുള്ള പരാമർശത്തിന് തൊട്ടുമുമ്പേയുള്ള ഖുത്ബയിൽ, ഇളം സരിയ്യത്തിന്റെ വിശദീകരണത്തിൽ ഒരു സ്വഹാബി, മുഹല്ലിം ബിൻ ജഥ്ഥാമ, ഒരാളെ കൊന്നതിനെക്കുറിച്ച് പരാമർശിച്ചിരുന്നു, അദ്ദേഹം മുമ്പിൽ കടന്നുപോയപ്പോൾ അസ്സലാമു അലയ്ക്കും എന്ന് പറഞ്ഞിട്ടും മുഹല്ലിം അദ്ദേഹത്തെ കൊന്നു. ഈ സംഭവത്തെക്കുറിച്ച് കൂടുതൽ വിവരണം ഇപ്രകാരമാണ്: ഹുനയ്ൻ യുദ്ധത്തിനുശേഷം നബിﷺതിരുമേനി ത്വാഇഫ് യുദ്ധത്തിന് പുറപ്പെട്ടപ്പോൾ, ഒരു ദിവസം ളുഹ്ർ നമസ്കാരത്തിനുശേഷം അവിടന്ന് ഒരു മരത്തിന്റെ ചുവട്ടിൽ ഇരിക്കുകയായിരുന്നു. ഉയയ്നഹ് ബിൻ ഹിസ്ൻ എഴുന്നേറ്റു, കൊല്ലപ്പെട്ട ആമിർ ബിൻ അള്ബത് അശ്ജയിയുടെ രക്തത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടു. അതോടൊപ്പം, അഖ്റഅ് ബിൻ ഹാബിസ് എഴുന്നേറ്റു, മുഹല്ലിം ബിൻ ജഥ്ഥാമയെ രക്ഷിക്കാൻ ആഗ്രഹിച്ചു. അവരിരുവരും നബിﷺതിരുമേനിയുടെ മുമ്പിൽ തർക്കിക്കാൻ തുടങ്ങി. ഉയയ്നഹ് പറഞ്ഞു: 'അല്ലാഹുവാണെ സത്യം, യാ റസൂലല്ലാഹ്, ഞാൻ കൊലയാളിയെ വെറുതെ വിടില്ല. അവൻ ഞങ്ങളുടെ സ്ത്രീകളെ കനത്ത ദുഃഖത്തിലാഴ്ത്തിയത് പോലെ ഞാനും അവന്റെ സ്ത്രീകളെ ദുഃഖത്തിലാഴ്ത്തും.' നബിﷺതിരുമേനി അദ്ദേഹത്തോടു പറഞ്ഞു: 'നഷ്ടപരിഹാരം സ്വീകരിക്കുക. ഇപ്പോൾ അമ്പത് ഒട്ടകങ്ങൾ സ്വീകരിക്കുക, ബാക്കി അമ്പത് ഒട്ടകങ്ങൾ മദീനയിലെത്തിയ ശേഷം സ്വീകരിച്ചുകൊള്ളുക.' എന്നാൽ, ഉയയ്നഹ് നഷ്ടപരിഹാരം സ്വീകരിക്കാൻ വിസമ്മതിച്ചു. എന്നിരുന്നാലും, കുറച്ചു ചർച്ചകൾക്കുശേഷം അവർ നഷ്ടപരിഹാരം സ്വീകരിച്ചു. കൊലയാളി മുഹല്ലിം ഒരു വശത്ത് നിൽക്കുകയായിരുന്നു. പകരം വീട്ടാൻ തയ്യാറായി വന്നതായിരുന്നു. തന്റെ മരണം വന്നെത്തിയെന്ന് അദ്ദേഹം കരുതി. ദിയാധനത്തെ കുറിച്ചുള്ള തീരുമാനം വന്നപ്പോൾ, മുഹല്ലിം എഴുന്നേറ്റ് നബിﷺതിരുമേനിയുടെ അടുത്തുവന്നു. അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്ന് കണ്ണീർ ഒഴുകുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: 'അങ്ങയ്ക്കു ലഭിച്ച വിവരങ്ങളെക്കുറിച്ച് ഞാൻ അല്ലാഹുവിന്റെ അടുത്ത് പശ്ചാത്തപിക്കുന്നു. അങ്ങ് എനിക്ക് വേണ്ടി അല്ലാഹുവിനോടു പാപമോചനം തേടിയാലും.' അവിടന്ന്ﷺ ചോദിച്ചു: 'നിന്റെ പേരെന്താണ്?' അദ്ദേഹം പറഞ്ഞു: 'മുഹല്ലിം ബിൻ ജഥ്ഥാമ.' അവിടന്ന് ﷺപറഞ്ഞു: 'നിങ്ങൾ ഇസ്‌ലാമിന്റെ തുടക്കത്തിൽ തന്നെയാണോ അവനെ കൊന്നത്?' അതായത്, അദ്ദേഹം 'അസ്സലാമു അലയ്ക്കും' എന്ന് പറഞ്ഞിട്ടും നിങ്ങൾ കൊന്നോ? നബിﷺതിരുമേനി ഉച്ചത്തിൽ പറഞ്ഞു: 'അല്ലാഹുവേ, മുഹല്ലിമിന് പൊറുത്തുകൊടുക്കരുതേ!' എല്ലാവരും ഇതു കേട്ടു. മുഹല്ലിം വീണ്ടും പറഞ്ഞു: 'യാ റസൂലല്ലാ

ഹ്, ഞാൻ മാപ്പു ചോദിക്കുന്നു, എനിക്ക് വേണ്ടി മാപ്പ് ചോദിച്ചാലും.' നബിﷺതിരുമേനി വീണ്ടും ഉച്ചത്തിൽ പറഞ്ഞു: 'അല്ലാഹുവേ, മുഹല്ലിം ബിൻ ജഥ്ഥാമയ്ക്ക് പൊറുത്തുകൊടുക്കരുതേ.' അദ്ദേഹം മൂന്നാമതും പറഞ്ഞു, നബിﷺതിരുമേനി മൂന്നാമതും അതുതന്നെ പറഞ്ഞു. പിന്നീട് നബിﷺതിരുമേനി അദ്ദേഹത്തോടു പറഞ്ഞു: 'എന്റെ മുമ്പിൽനിന്ന് എഴുന്നേറ്റ് പോകുക.' അദ്ദേഹം എഴുന്നേറ്റ് തന്റെ വസ്ത്രം കൊണ്ട് കണ്ണീർ തുടച്ചുകൊണ്ടുപോയി. ഇബ്നു ഇസ്ഹാഖിന്റെ ഒരു നിവേദനത്തിൽ പറയുന്നു: 'മുഹല്ലിമിന്റെ ഗോത്രത്തിലെ ആളുകൾ പറയുന്നത്, പിന്നീട് നബിﷺതിരുമേനി അദ്ദേഹത്തിന് പാപമോചനം ലഭിക്കാൻ പ്രാർഥിച്ചിരുന്നു എന്നാണ്.(*സുബുലുൽ ഹുദാ വർറശാദ് ഫീ സീറത്തിൽ ഖയ്റുൽഇബാദി, വാല്യം 5, പേജ് 339-340, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്),(സുനൻ അബൂദാവൂദ്, കിതാബുദ്ദിയാത്ത് ബാബു അൽഇമാമു ബിൽഅഫ് വി ഫിദ്ദമി, ഹദീഥ് 4503)(സുനൻ ഇബ്നുമാജ കിതാബുദ്ദിയാത്ത് ബാബു മൻഖതല അമദൻ........ ഹദീഥ് 2625)*

ഔത്വാസ് സരിയ്യത്തിന്റെ വിശദീകരണം ഇപ്രകാരമാണ്. ഹുനയ്ൻ യുദ്ധക്കളത്തിൽ കനത്ത പരാജയം ഏറ്റുവാങ്ങിയശേഷം, ബനൂ ഹവാസിന്റെ സൈന്യം അവരുടെ മുഖംതിരിഞ്ഞ ഭാഗത്തോടിപ്പോയി. ഒരു വിഭാഗം, അതിൽ ബനൂഹവാസിന്റെ നേതാവ് മാലിക് ബിൻ ഔഫും ഉണ്ടായിരുന്നു, ത്വാഇഫിലേക്ക് ഓടിപ്പോയി അതിന്റെ കോട്ടയിൽ അഭയം തേടി. മറ്റൊരു വിഭാഗം ഔത്വാസ് താഴ്‌വരയിൽ ഒത്തുകൂടി, ഒരു വിഭാഗം നഖ്‌ലയുടെ ഭാഗത്ത് ഓടിപ്പോയി. ഹുനയ്നിന് അടുത്തുള്ള ഒരു താഴ്‌വരയുടെ പേരാണ് ഔത്വാസ്. ബനൂ ഹവാസിൻ തങ്ങളുടെ ഭാര്യമാരെയും കുട്ടികളെയും മുഴുവൻ കന്നുകാലികളെയും കൊണ്ടാണ് ആക്രമിക്കാൻ വന്നത്. അവർ ഓടിപ്പോയപ്പോൾ ഇവയെല്ലാം യുദ്ധമുതലായി മുസ്‌ലിമീങ്ങൾക്ക് ലഭിച്ചു. ഇസ്‌ലാമിന്റെ ചരിത്രത്തിൽ അതുവരെ മുസ്‌ലിമീങ്ങൾക്ക് ലഭിച്ച ഏറ്റവും വലിയ യുദ്ധമുതലായിരുന്നു ഇത്.

നബിﷺതിരുമേനി എല്ലാ തടവുകാരെയും യുദ്ധമുതലുകളും ഹദ്റത്ത് മസ്ഊദ് ബിൻ അംറു ഗിഫാരിയുടെ മേൽനോട്ടത്തിൽ ജിഅ്റാനഹ് എന്ന സ്ഥലത്ത് അയച്ചു. അവിടന്ന് തന്റെ മുഴുവൻ സൈന്യവുമായി ത്വാഇഫിലേക്ക് യാത്ര തുടങ്ങി. ഹദ്റത്ത് അബൂ ആമിർ അശ്അരിയുടെ (യഥാർഥ പേര് ഉബയ്ദ് ബിൻ സുലൈം) നേതൃത്വത്തിൽ ഒരു സൈന്യത്തെ ഔത്വാസിലേക്ക് അയച്ചു. ഈ സൈന്യത്തിൽ അബൂ മൂസാ അശ്അരിയും സലമാ ബിൻ അക്‌വഉം ഉണ്ടായിരുന്നു. ഹദ്റത്ത് അബൂ ആമിർ ശത്രുവിനെ പോരാട്ടത്തിന് ക്ഷണിച്ചു. അവിടെ ശത്രുക്കളുടെ ഭാഗത്ത് പത്ത് സഹോദരങ്ങളുണ്ടായിരുന്നു, അവർ തങ്ങളുടെ അതുല്യമായ യുദ്ധപാടവത്താൽ വളരെ പ്രശസ്തരുമായിരുന്നു. ഈ പത്ത് സഹോദരങ്ങളാണ് ആദ്യം പോരാട്ടത്തിന് വന്നത്. ആദ്യം ഒരു സഹോദരൻ വന്നു. അബൂ ആമിർ ആദ്യം ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. പക്ഷേ, അവൻ പോരാട്ടത്തിനാണ് മുൻഗണന നൽകിയത്. അബൂ ആമിർ പറഞ്ഞു: 'അല്ലാഹുമ്മ അശ്ഹദ് അലയ്ഹി' (അല്ലാഹുവേ, നീ ഇവന് സാക്ഷിയായിരിക്കുക). ഇതു പറഞ്ഞ് അദ്ദേഹം വാളുകൊണ്ട് ഒരു വെട്ടു വെട്ടി, അയാൾ രണ്ടായി മുറിഞ്ഞ് നിലത്തു വീണു. പിന്നീട് രണ്ടാമത്തെ സഹോദരൻ വന്നു. അബൂ ആമിർ അവനെയും ഇസ്‌ലാമിലേക്ക് ക്ഷണിച്ചു, അവന്റെ വിസമ്മതത്തിനു ശേഷം അവനോടു യുദ്ധം ചെയ്തു, അവനും കൊല്ലപ്പെട്ടു. അങ്ങനെ ഒന്നിനുപുറകെ ഒന്നായി ഒമ്പത് സഹോദരങ്ങൾ കൊല്ലപ്പെട്ടു. പത്താമത്തെ സഹോദരൻ വന്നപ്പോൾ, പതിവുപോലെ അബൂ ആമിർ **'അല്ലാഹുമ്മ അശ്ഹദ് അലയ്ഹി'** എന്നു പറഞ്ഞ് വെട്ടാനോങ്ങിയപ്പോൾ, അവൻ പറഞ്ഞു: 'അല്ലാഹുമ്മ ലാ തശ്ഹദ് അലയ്യ' (അല്ലാഹുവേ, നീ എനിക്ക് സാക്ഷിയായിരിക്കരുതേ). അങ്ങനെ അവൻ ഇസ്‌ലാം സ്വീകരിച്ചതായി കാണിച്ചു. ഇതുകേട്ട് അബൂ ആമിർ തന്റെ വാൾ താഴ്ത്തി, അവനെ വെറുതെ വിട്ടു. എന്നാൽ, അവൻ തിരിഞ്ഞ് അബൂ ആമിറിനെ ആക്രമിച്ചു. അയാൾ വഞ്ചിക്കുകയായിരുന്നു. ചില നിവേദനങ്ങളിൽ വന്നിട്ടുള്ളത് അവൻ അബൂ ആമിറിനെ ശഹീദാക്കിയെന്നാണ്. എന്നാൽ, മറ്റു നിവേദനങ്ങൾ അനുസരിച്ച് അത് ശരിയല്ല. കാരണം അബൂ ആമിറിനെ രക്തസാക്ഷിയാക്കിയവനെ ഹദ്റത്ത് അബൂ മൂസാ അശ്അരി അപ്പോൾത്തന്നെ കൊന്നിരുന്നു. കൂടുതൽ ശരിയായ റിപ്പോർട്ടനുസരിച്ച്, ആ പത്താമത്തെ സഹോദരൻ പിന്നീട് ഇസ്‌ലാം സ്വീകരിക്കുകയും ഒരു നല്ല മുസ്‌ലിമായിത്തീരുകയും ചെയ്തു. നബിﷺതിരുമേനി അദ്ദേഹത്തെ കാണുമ്പോൾ പറയുമായിരുന്നു: **'ഹാദാ ശരീദു അബീ ആമിർ'** (ഇവൻ അബൂ ആമിറിന്റെ വാളിൽനിന്ന് രക്ഷപ്പെട്ടവനാണ്).

എന്തായാലും, ഹദ്റത്ത് അബൂ ആമിർ ധീരമായി യുദ്ധം ചെയ്തുകൊണ്ടിരുന്നു, അദ്ദേഹത്തിന്റെ വാളിന്റെമുമ്പിൽ വന്ന ആരും രക്ഷപ്പെട്ടില്ല. അവസാനം, ഹാരിഥ് ജുശമിയുടെ രണ്ടു മക്കളായ അലാഉം ഔഫായും അദ്ദേഹത്തിന്റെ നേർക്ക് ഒരുകൂട്ടം അമ്പുകൾ അയച്ചു. ഒരു അമ്പ് അദ്ദേഹത്തിന്റെ നെഞ്ചിലും മറ്റൊന്ന് മുട്ടിലും തറച്ചു. ചില നിവേദനങ്ങളനുസരിച്ച്, അമ്പ് എയ്തത് ദുറയ്ദ് ബിൻ സ്വിമ്മയുടെ മകൻ സലമയായിരുന്നു. അബൂ മൂസാ അശ്അരിؓ പറയുന്നു: 'ഞാൻ അബൂ ആമിറിനോടു ചോദിച്ചു, 'നിങ്ങളെ ആരാണ് അമ്പെയ്തത്?' അദ്ദേഹം ഒരാളെ ചൂണ്ടിക്കാണിച്ചു. ഞാൻ അവനെ പിന്തുടർന്നു, അവനോടിപ്പോയി. ഞാൻ അവനെ വെല്ലുവിളിച്ചപ്പോൾ അവൻ നിന്നു. ഞങ്ങൾ വാളെടുത്ത് പോരാടി, ഞാൻ അവനെ കൊന്നു. ഞാൻ തിരിച്ചു അബൂ ആമിറിന്റെ അടുത്തു വന്നപ്പോൾ പറഞ്ഞു: 'അല്ലാഹു നിങ്ങളുടെ കൊലയാളിയെ നരകത്തിലിട്ടു.' അബൂ ആമിർ എന്നോടു പറഞ്ഞു, 'എന്റെ അമ്പ് പുറത്തെടുക്കുക.' അമ്പ് അപ്പോഴും ശരീരത്തിൽ തറച്ചിരുന്നു. ഞാൻ അമ്പ് പുറത്തെടുത്തപ്പോൾ, മുറിവിൽ നിന്ന് വെള്ളം ഒഴുകി, മുറിവ് ആഴത്തിലുള്ളതാണെന്നും ജീവിച്ചിരിക്കാൻ സാധ്യതയില്ലെന്നും അദ്ദേഹം മനസ്സിലാക്കി. അബൂ മൂസാ അശ്അരിؓപറയുന്നു, അബൂ ആമിർ എന്നോടു പറഞ്ഞു: 'നബിﷺതിരുമേനിക്ക് എന്റെ സലാം അറിയിക്കുക, എനിക്ക് പാപമോചനവും കാരുണ്യവും ലഭിക്കാൻ നബിﷺതിരുമേനിയോട് ദുആ ചെയ്യാൻ അപേക്ഷിക്കുക. എന്റെ കുതിരയും ആയുധങ്ങളും നബിﷺതിരുമേനിയുടെ സന്നിധിയിൽ സമർപിക്കണം.' അതോടൊപ്പം അദ്ദേഹം എന്നെ തന്റെ പിൻഗാമിയായി നിയമിക്കുകയും പതാക എന്നെ ഏൽപ്പിക്കുകയും ചെയ്തു. അൽപം കഴിഞ്ഞപ്പോൾ അദ്ദേഹം മരിച്ചു. അബൂ മൂസാ അശ്അരിؓആ ആളുകളുമായി യുദ്ധം ചെയ്യുകയും ശത്രു പരാജയപ്പെട്ട് അവിടെനിന്ന് ഓടിപ്പോകുകയും ചെയ്തു. അവരുടെ ചിലയാളുകൾ കൊല്ലപ്പെട്ടു. അബൂ മൂസാؓഅവിടെനിന്ന് യുദ്ധമുതലുകളും തടവുകാരുമായി നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അബൂ മൂസാ അശ്അരി ؓവിവരിക്കുന്നു: 'നബിﷺതിരുമേനിയുടെ അടുത്ത് ഹാജരായപ്പോൾ, അവിടന്ന് ഒരു കയറുകട്ടിലിൽ കിടക്കുകയായിരുന്നു. അതിൽ കിടക്കയോ മറ്റോ ഒന്നുമില്ലായിരുന്നു. എന്നാൽ, ബുഖാരിയിലെയും മറ്റുള്ള നിവേദനങ്ങളനുസരിച്ചും നേർത്ത ഒരു തുണി ഉണ്ടായിരുന്നു. ആ കയറിന്റെ അടയാളങ്ങൾ നബിﷺതിരുമേനിയുടെ വിശുദ്ധ ശരീരത്തിൽ വ്യക്തമായിരുന്നു. അബൂ മൂസാؓപറയുന്നു: 'ഞാൻ ഔത്വാസ് യുദ്ധത്തിന്റെ വിശദാംശങ്ങൾ

**• ഹദീഥുന്നബ്‌വിﷺ •**

**"അക്‌രിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വിﷺ •**

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

അവിടത്തെ മുമ്പിൽ വെക്കുകയും അബൂ ആമിറിന്റെ രക്തസാക്ഷിത്വത്തിന്റെ വിശദാംശങ്ങൾ പറഞ്ഞ് അദ്ദേഹത്തിനുവേണ്ടി പ്രാർഥിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അപ്പോൾ നബിﷺതിരുമേനി വെള്ളം വരുത്തി അംഗശുദ്ധി വരുത്തി, എന്നിട്ട് തന്റെ കൈകളുയർത്തി പ്രാർഥിച്ചു: **അല്ലാഹുമ്മഗ്ഫിർ ലി ഉബയ്ദ് അബീ ആമിർ, അല്ലാഹുമ്മജ്അൽ യൗമൽ ഖിയാമത്തി ഫൗഖ കഥീരിൻ മിൻ ഖൽഖിക് മിനന്നാസ്.** (അല്ലാഹുവേ, ഉബയ്ദ് അബൂ ആമിറിന് പൊറുത്തുകൊടുത്താലും. അല്ലാഹുവേ, ന്യായവിധിനാളിൽ നിന്റെ സൃഷ്ടികളിൽ ഏറ്റവുമുയർന്ന സ്ഥാനം അവന് നൽകേണമേ. അബൂ മൂസാ അശ്അരിؓപറയുന്നു: ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ്, എനിക്കു വേണ്ടിയും പാപമോചനത്തിന് പ്രാർഥിച്ചാലും. അപ്പോൾ നബിﷺതിരുമേനി അദ്ദേഹത്തിനുവേണ്ടിയും പ്രാർഥിച്ചു: **അല്ലാഹുമ്മഗ്ഫിർ ലിഅബ്ദില്ലാഹ് ബിൻ ഖയ്സ് ദൻബഹൂ വഅദ്ഖിൽഹു യൗമൽ ഖിയാമത്തി മദ്ഖലൻ കരീമാ.** (അല്ലാഹുവേ, അബ്ദുല്ലാഹ് ബിൻ ഖയ്സിന്–അത് അബൂ മൂസാ അശ്അരിയുടെ യഥാർഥ പേരായിരുന്നു–അദ്ദേഹത്തിന്റെ പാപങ്ങൾ പൊറുത്തുകൊടുക്കുകയും ന്യായവിധിനാളിൽ അദ്ദേഹത്തിന് മാന്യമായ പദവി നൽകുകയും ചെയ്യേണമേ. ത്വുഫയ്ൽ ബിൻ അംറ് ദൗസിയുടെ സരിയ്യത്തിനെ കുറിച്ചുള്ള പരാമർശം. ഇത് ദുൽ കഫയ്ൻ എന്ന വിഗ്രഹത്തിന് നേരെയായിരുന്നു, ഇത് ഹിജ്റ എട്ടാം വർഷം ശവ്വാലിലാണ് നടന്നത്. നബിﷺതിരുമേനി ഹുനയ്നിൽനിന്ന് ത്വാഇഫിലേക്ക് പോകുമ്പോൾ, ദുൽകഫയ്ൻ എന്ന വിഗ്രഹം നശിപ്പിക്കാൻ ത്വുഫയ്ൽ ദൗസിയെ അയച്ചു. ഹദ്റത്ത് ത്വുഫയ്ൽ ദൗസ് ഗോത്രത്തിൽപ്പെട്ടയാളായിരുന്നു, തന്റെ ഗോത്രത്തിലെ ഉയർന്ന കവിയും, പണ്ഡിതനും ജ്ഞാനിയുമായിരുന്നു. അദ്ദേഹം മക്കയിലുണ്ടായിരുന്ന കാലത്തുതന്നെ നബിﷺതിരുമേനിയെ സന്ദർശിക്കുകയും അപ്പോൾത്തന്നെ മുസ്ലിമാവുകയും ചെയ്തു. ഹുനയ്ൻ യുദ്ധത്തിനുശേഷം അദ്ദേഹം സ്വയം നബിﷺതിരുമേനിയോട് ദുൽ കഫയ്ൻ എന്ന വിഗ്രഹം നശിപ്പിക്കാൻ തന്നെ അയക്കണമെന്ന് പറഞ്ഞു. നബിﷺതിരുമേനി അദ്ദേഹത്തെ ഈ ദൗത്യത്തിന്റെ തലവനായി നിയമിച്ചു, ഈ ഉപദേശങ്ങൾ നൽകി: 'സലാം നന്നായി പ്രചരിപ്പിക്കുക.' അതായത് സമാധാനം പ്രചരിപ്പിക്കുക. 'ആളുകൾക്ക് ഭക്ഷണം നൽകുക, അവരെ പട്ടിണിക്കിടരുത്. ഒരു മാന്യനായ മനുഷ്യൻ തന്റെ വീട്ടുകാരോട് ലജ്ജിക്കുന്നതുപോലെ അല്ലാഹുവിനെ ഭയപ്പെടുക. എന്തെങ്കിലും തെറ്റോ പാപമോ ചെയ്താൽ, ഉടൻതന്നെ ഒരു നന്മ ചെയ്യുക, കാരണം നന്മകൾ പാപങ്ങളെ ഇല്ലാതാക്കുന്നു.' ഈ ഉപദേശങ്ങൾ നൽകിയ ശേഷം നബിﷺതിരുമേനി പറഞ്ഞു: 'നിങ്ങളുടെ ഗോത്രത്തിലെ ആളുകളെ കൂടെക്കൂട്ടുക, ഈ ദൗത്യം പൂർത്തിയാക്കിയ ശേഷം ത്വാഇഫിൽ തിരികെ വരിക.'

അങ്ങനെ ഹദ്റത്ത് ത്വുഫയ്ൽ തന്റെ ഗോത്രത്തിലെ നാന്നൂറു പേരെ കൂടെക്കൂട്ടി, മരം കൊണ്ടു നിർമ്മിച്ച ആ വിഗ്രഹത്തിന് തീയിട്ടു നശിപ്പിച്ചു. അപ്പോൾ അദ്ദേഹം ഈ കവിതകൾ ചൊല്ലി: 'ദുൽകഫയ്നേ, കേൾക്കുക, ഞാൻ നിന്റെ ആരാധകരിൽ ഒരാളല്ല. കാരണം, നീ ഇപ്പോൾ ഉണ്ടാക്കപ്പെട്ടതാണ്. എന്നാൽ, ഞങ്ങളുടെ ജനനം നിന്റെ ജനനത്തിനു മുമ്പേയാണ്. നോക്കുക, ഞാൻ നിന്റെ അകവും പുറവും തീജ്വാലകളാൽ നിറച്ചിരിക്കുന്നു.' ഈ ദൗത്യം വിജയകരമായി പൂർത്തിയാക്കിയശേഷം അവർ ത്വാഇഫിൽ തിരികെ വന്നു. നബിﷺതിരുമേനി ത്വാഇഫിലെത്തി നാലു ദിവസങ്ങൾക്കു ശേഷമായിരുന്നു ഇത്. ഹദ്റത്ത് ത്വുഫയ്ൽ തന്റെ കൂടെ നാന്നൂറു പോരാളികളെയും ആധുനിക യുദ്ധോപകരണങ്ങളായ മൻജനീഖും ദബ്ബാബയും കൊണ്ടുവന്നു. മൻജനീഖ് വലിയ കല്ലുകൾ എറിയാൻ ഉപയോഗിക്കുന്ന ഒരു ഉപകരണമാണ്, അതായത് ഒരു പീരങ്കിയുടെ പോലെ. ദബ്ബാബ മരം കൊണ്ടുള്ള ഒരു ശക്തമായ അടച്ച വണ്ടിപോലുള്ള ഒരു പെട്ടിയാണ്, ഇന്നത്തെ കവചിത വാഹനങ്ങൾ പോലെ. അതിനകത്ത് നിരവധി ആളുകൾക്ക് പ്രവേശിക്കാൻ സാധിക്കും, അവർ കോട്ടയുടെ മതിൽവരെ പോവുകയും ശത്രുക്കളുടെ ആക്രമണത്തിൽനിന്ന് സുരക്ഷിതരായി കോട്ടയുടെ മതിലിൽ വിള്ളലുണ്ടാക്കുകയും ചെയ്യുമായിരുന്നു. ഈ ആയുധങ്ങൾ ആദ്യമായി ഉപയോഗിച്ചത് ത്വാഇഫ് യുദ്ധത്തിലായിരുന്നു.

ത്വാഇഫ് യുദ്ധം ഹിജ്റ എട്ടാം വർഷം ശവ്വാലിലാണ് നടന്നത്. ത്വാഇഫ് മക്കയുടെ കിഴക്ക് ഭാഗത്താണ്. ഇതിന്റെ ചരിത്രം ഇതാണ്: മക്കയിൽനിന്ന് ഏകദേശം തൊണ്ണൂറ് കിലോമീറ്റർ കിഴക്ക് ഭാഗത്തുള്ള ഒരു പ്രശസ്തമായ നഗരമാണ് ത്വാഇഫ്. ത്വാഇഫ് വളരെ ശക്തമായ ഒരു സ്ഥലമായിരുന്നു. അതിനെ ത്വാഇഫ് എന്ന് വിളിക്കുന്നത് അതിന് ചുറ്റും സംരക്ഷണ മതിൽ ഉണ്ടായിരുന്നതിനാലാണ്. ഇവിടെ താമസിച്ചിരുന്ന ഥഖീഫ് ഗോത്രം വളരെ ധീരരും ശക്തരുമായിരുന്നു, എല്ലാ അറബികളിലും അവർ പ്രമുഖരും ഖുറയ്ശികൾക്ക് സമാനരുമായിരുന്നു. ഇവിടുത്തെ നേതാവായിരുന്ന ഉർവഹ് ബിൻ മസ്ഊദ്, അബൂ സുഫിയാന്റെ മകളെ വിവാഹം കഴിച്ചിരുന്നു. മക്കയിലെ അവിശ്വാസികൾ പറയുമായിരുന്നു: 'ഖുർആൻ ഇറങ്ങേണ്ടിയിരുന്നത് മക്കയിലെയോ ത്വാഇഫിലെയോ നേതാക്കന്മാർക്കാണ്. അവിടുത്തെ ആളുകൾക്ക് യുദ്ധവിദ്യകളും അറിയാമായിരുന്നു. നബിﷺതിരുമേനിയുടെമേൽ ഇറങ്ങുന്നതിനു പകരം അത് ഒരു വലിയ വ്യക്തിയുടെമേൽ ഇറങ്ങണമായിരുന്നു' എന്ന് അവർ പറയുമായിരുന്നു. എന്തായാലും, ഇവിടെ ഒരു സുരക്ഷിതമായ കോട്ടയുണ്ടായിരുന്നു. നഗരവാസികൾക്ക് ഒരു വർഷത്തേക്കുള്ള സാധനങ്ങൾ ശേഖരിച്ചിരുന്നു. നാലു ഭാഗത്തും മൻജനീഖുകളും വിദഗ്ധരായ അമ്പെയ്ത്തുകാരെയും സജ്ജരാക്കി നിറുത്തിയിരുന്നു. ഈ യുദ്ധം യഥാർഥത്തിൽ ഹുനയ്ൻ യുദ്ധത്തിന്റെ തുടർച്ചയായിരുന്നു. കാരണം ഹവാസിൻ, ഥഖീഫ് ഗോത്രങ്ങളിൽ പരാജയപ്പെട്ട ഭൂരിഭാഗമാളുകളും തങ്ങളുടെ നേതാവ് മാലിക് ബിൻ ഔഫ് നസ്രിയോടൊപ്പം ത്വാഇഫിൽ ഓടിപ്പോയി ഇവിടെ കോട്ടയിൽ അഭയം തേടിയിരുന്നു. അതിനാൽ, നബിﷺതിരുമേനി ഹുനയ്നിൽ യുദ്ധനീക്കങ്ങൾ മതിയാക്കി, എല്ലാ യുദ്ധമുതലുകളും ആറായിരത്തിലധികം അടിമകളെയും അടിമസ്ത്രീകളെയും മക്കയ്ക്ക് സമീപമുള്ള ജിഅ്റാന എന്ന താഴ്‌വരയിൽ അയച്ചു. അവിടന്ന് തന്റെ സൈന്യവുമായി ത്വാഇഫിൽ പോവുകയും ചെയ്തു. ജിഅ്റാന മക്കയുടെയും ത്വാഇഫിന്റെയും വഴിയിൽ മക്കയ്ക്ക് സമീപമുള്ള ഒരു കിണറിന്റെ പേരാണ്. മക്കയിൽ നിന്ന് ഏകദേശം പതിനേഴ് മൈൽ അകലെയാണിത്. അവിടന്ന് ആ യുദ്ധമുതലുകളുടെ ചുമതല ബുദയ്ൽ ബിൻ വർഖ അല്ലെങ്കിൽ ഹദ്റത്ത് മസ്ഊദ് ബിൻ അംറ് ഗിഫാരിയെ ഏൽപ്പിച്ചു.

എന്തായാലും, നബിﷺതിരുമേനി ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിൽ ആയിരം സൈനികരുള്ള ഒരു മുൻനിര സൈന്യത്തെ അയച്ചു. അവർ അവിടെ എത്തി കോട്ടയിലുള്ളവരുമായി ചർച്ച നടത്താൻ ശ്രമിച്ചെങ്കിലും കോട്ടയിലുള്ളവർ അതിന് തയ്യാറായില്ല. ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ അയച്ചതിനുശേഷം നബിﷺതിരുമേനി ത്വാഇഫിലേക്ക് യാത്ര തിരിച്ചു. വഴിയിൽ വിദഗ്ധരായ വഴികാട്ടികൾ സൈന്യത്തിന്റെ മുമ്പിലുണ്ടായിരുന്നു. വഴിയിൽ ഹുനയ്ൻ യുദ്ധത്തിലെ ശത്രുസൈന്യാധിപനായ മാലിക് ബിൻ ഔഫിന്റെ കോട്ടയുണ്ടായിരുന്നു. നബിﷺതിരുമേനി

**• ഹദീഥുന്നബ്‌വിﷺ •**

**"തഅല്ലമുൽയഖീന."**

**ദൃഢജ്ഞാനം ആർജിക്കുവിൻ.**

ത്വാലിബെ ദുആ

**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വിﷺ •**

**"തഹാദൂ തഹാബ്ബൂ."**

**സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം സമ്മാനങ്ങൾ കൈമാറുവിൻ.**

ത്വാലിബെ ദുആ

**PROF.M.K.ABDUL KAREEM AND FAMILY**
KARULAI, MALAPPURAM

ചോദിച്ചു, 'ഇവിടെ ആരെങ്കിലും താമസിക്കുന്നുണ്ടോ?' ആരും താമസിക്കുന്നില്ലെന്ന് പറഞ്ഞപ്പോൾ, നബിﷺതിരുമേനി അത് തകർക്കാൻ കൽപ്പിച്ചു. പിന്നെ യാത്ര തുടർന്ന് ത്വാഇഫിലെത്തി കോട്ടക്ക് സമീപം തമ്പടിച്ച് ഉപരോധം ആരംഭിച്ചു.

ത്വാഇഫിലെ ആളുകൾ ഒരുപാടു കാലമായി ഈ യുദ്ധത്തിന് തയ്യാറെടുത്തിരുന്നതാണ്. അവർ കോട്ടയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തി. ഒരു വർഷത്തേക്കുള്ള ധാന്യങ്ങളും ഭക്ഷണവും ശേഖരിച്ചു. ഹുനയ്ൻ യുദ്ധത്തിൽ അപ്രതീക്ഷിതമായ പരാജയം ഏറ്റുവാങ്ങിയ ശേഷം രക്ഷപ്പെടാൻ കഴിഞ്ഞവരെല്ലാം ഈ കോട്ടയിൽ അഭയം തേടി, കോട്ടയുടെ വാതിലുകൾ അടച്ചു. നബിﷺതിരുമേനി ആദ്യം ത്വാഇഫിന് വളരെ അടുത്തുള്ള ഒരു തുറന്ന സ്ഥലത്താണ് തമ്പടിച്ചത്. സൈന്യം പൂർണ്ണമായി തങ്ങുന്നതിന് മുമ്പേതന്നെ, കോട്ടയിലെ അമ്പെയ്ത്തുകാർ വലിയ തോതിൽ അമ്പുകൾ എയ്തു, പല മുസ്‌ലിമീങ്ങളെയും പരിക്കേൽപ്പിച്ചു. ഈ സമയത്ത്, ഹദ്റത്ത് ഹുബാബ് ബിൻ മുൻദിർ, നബിﷺതിരുമേനിയുടെ സന്നിധിയലെത്തി പറഞ്ഞു: 'യാ റസൂലല്ലാഹ്, ഈ സ്ഥലം നമുക്ക് തങ്ങാൻ പറ്റിയതല്ല. കാരണം ത്വാഇഫിലെ ആളുകൾ വിദഗ്ധരായ അമ്പെയ്ത്തുകാരാണ്, അവരുടെ അമ്പുകൾ വളരെ ദൂരം എത്തും.' അങ്ങനെ നബിﷺതിരുമേനി മറ്റൊരു നല്ല സ്ഥലം തിരഞ്ഞെടുക്കാൻ അദ്ദേഹത്തോടു കൽപ്പിച്ചു. പിന്നെ മുഴുവൻ സൈന്യവും പുതിയ സ്ഥലത്ത് മാറിപാർത്തു.

ഉപരോധത്തിന്നിടയിൽ ഇരു ഭാഗത്തുനിന്നും അമ്പെയ്ത്തും കല്ലേറും ഉണ്ടായിക്കൊണ്ടിരുന്നു. ഈ സാഹചര്യം നേരിടാൻ, നബിﷺതിരുമേനി മൻജനീഖ് സ്ഥാപിക്കുകയും ത്വാഇഫിലെ ആളുകളുടെ നേരെ വലിയ കല്ലുകൾ എറിയുകയും ചെയ്തു. ഈ മൻജനീഖിനെക്കുറിച്ച് നേരത്തെ പറഞ്ഞിരുന്നു, അത് ഹദ്റത്ത് ത്വുഫയ്ൽ ദൗസി, ദുൽകഫയ് സരിയ്യത്തിൽ നിന്ന് മടങ്ങുമ്പോൾ കൂടെ കൊണ്ടുവന്നതായിരുന്നു. കല്ലുകൾ എറിഞ്ഞതിന്റെ ഫലമായി ഒരു ദിവസം കോട്ടയുടെ ഒരു മതിലിൽ ഒരു ദ്വാരം ഉണ്ടായി. അപ്പോൾ മുസ്‌ലിമീങ്ങളുടെ ഒരു സംഘം ദബ്ബാബ ഉപയോഗിച്ച് കോട്ടയുടെ മതിലിലേക്ക് നീങ്ങി, അതിലൂടെ അകത്തു കടക്കാൻവേണ്ടി. എന്നാൽ, അവർ മുന്നോട്ട് പോയപ്പോൾ, കോട്ടയിലുള്ളവർ അവരുടെ നേരെ ചുട്ട ഇരുമ്പ് കഷണങ്ങൾ എറിയാൻ തുടങ്ങി. ദബ്ബാബയിൽ ധാരാളം തോൽ ഉപയോഗിച്ചിരുന്നതിനാൽ അതിന് തീ പിടിച്ചു, മുസ്‌ലിം പോരാളികൾക്ക് അതിൽനിന്ന് പുറത്തുവരേണ്ടി വന്നു. അവർ പുറത്തുവന്നപ്പോൾ ത്വാഇഫിലെ ആളുകൾ അവരുടെ നേരെ അമ്പെയ്തു, അവരിൽ പലരും ശഹീദായി.

ഈ സമയത്ത്, നബിﷺതിരുമേനി ത്വാഇഫിലെ ആളുകളുടെ മുന്തിരിത്തോട്ടങ്ങൾ വെട്ടിക്കളയാൻ കൽപ്പിച്ചു. ഇത് അവരെ ഭയപ്പെടുത്താനുള്ള ഒരു അവസാനത്തെ തന്ത്രമായിരുന്നിരിക്കണം, കാരണം പിന്നീട് ഈ കൽപ്പന അവിടന്ന് പിൻവലിച്ചു. ആദ്യം, കോട്ടയിലുള്ളവർ അഹങ്കാരത്തോടെ പറഞ്ഞു: 'നിങ്ങൾ ഞങ്ങളുടെ തോട്ടങ്ങൾക്ക് തീയിട്ടുകൊള്ളുക, നിങ്ങൾക്ക് ഞങ്ങളുടെ മണ്ണും വെള്ളവും കൂടെ കൊണ്ടുപോകാനാവില്ല.' അവർക്ക് തങ്ങളുടെ പ്രദേശത്തിന്റെ ഫലഭൂയിഷ്ഠതയിൽ വലിയ അഭിമാനമുണ്ടായിരുന്നു, അവർ വിചാരിച്ചത് തങ്ങൾ വീണ്ടും കൃഷി ചെയ്യുമെന്നും ഭയപ്പെടില്ലെന്നുമാണ്. എന്നാൽ, അവർ യഥാർഥത്തിൽ തോട്ടങ്ങൾ നശിപ്പിക്കാൻ തുടങ്ങിയപ്പോൾ, 'നിങ്ങൾ ഇതാണ് പറയുന്നതെങ്കിൽ ഞങ്ങൾ തോട്ടങ്ങൾ മുറിക്കും' എന്ന് പറയാൻ വേണ്ടി കുറച്ച് ഭാഗം മുറിച്ചു. ത്വാഇഫിലെ ഒരു നേതാവ് സുഫിയാൻ ബിൻ അബ്ദുല്ലാഹ് നബിﷺതിരുമേനിയോടു അഭ്യർഥിച്ചു: 'അങ്ങ് എന്തിനാണ് ഞങ്ങളുടെ തോട്ടങ്ങൾ നശിപ്പിക്കുന്നത്? അങ്ങ് ഞങ്ങളെ കീഴടക്കിയാൽ ഇതെല്ലാം അങ്ങയുടേതാകും. അല്ലാത്തപക്ഷം, അല്ലാഹുവിന്റെ പേരിലും കുടുംബബന്ധം പാലിച്ചും അങ്ങ് ഇത് ചെയ്യരുത്. ഇത് അദ്ദേഹം നടത്തിയ അഭ്യർഥനയായിരുന്നു. മക്കയിലെ ഖുറയ്ശികൾക്ക് ത്വാഇഫിലെ ആളുകളുമായി ധാരാളം ബന്ധമുണ്ടായിരുന്നു. ഈ ബന്ധങ്ങൾ ഇല്ലായിരുന്നെങ്കിൽ പ്പോലും, നബിﷺതിരുമേനിയുടെ മാതൃക അവിടന്ന് കാർക്കശ്യം കാണിക്കാറില്ലാ എന്നതായിരുന്നു. അതിനാൽ, സുഫിയാന്റെ ഈ അഭ്യർത്ഥന കേട്ട് അവിടന്ന് ആ തോട്ടങ്ങൾ ഉപേക്ഷിച്ചു.

നബിﷺതിരുമേനിയും സ്വഹാബാക്കളും അരമാസത്തിലധികം ത്വാഇഫിലെ ആളുകളുമായി യുദ്ധം ചെയ്തുകൊണ്ടിരുന്നു. എന്നാൽ, വാസ്തവത്തിൽ ഹുനയ്നിലെ പരാജയത്തിന്റെ ഭയം ത്വാഇഫിലെ ആളുകളുടെ ഹൃദയത്തിൽ അത്രയധികമുണ്ടായിരുന്നു, അവർ കോട്ടയുടെ അകത്തുനിന്ന് മാത്രം യുദ്ധം ചെയ്തു, പുറത്തുവന്നില്ല. ഈ സമയത്ത് ഒരാൾപോലും കോട്ടയിൽനിന്ന് പുറത്തിറങ്ങി യുദ്ധം ചെയ്തില്ല. ഒരു തവണ ഖാലിദ് ബിൻ വലീദ് ؓ യുദ്ധക്കളത്തിൽ ഇറങ്ങി ഥഖീഫിലെ ധീരന്മാരെ പോരാട്ടത്തിന് വെല്ലുവിളിച്ചു, പക്ഷേ, വീണ്ടും വീണ്ടും വിളിച്ചിട്ടും ആരും പുറത്തുവന്നില്ല. അവസാനം, ഥഖീഫിലെ നേതാവ് അബ്ദു യഅ്‌ലീൽ ഉച്ചത്തിൽ ഹദ്റത്ത് ഖാലിദിനോടു പറഞ്ഞു: 'ഞങ്ങളുടെ ആരും നിങ്ങളുമായി പോരാടാൻ വരില്ല. ഞങ്ങൾ ഞങ്ങളുടെ കോട്ടയിൽ സുരക്ഷിതരാണ്, ഞങ്ങൾക്ക് ഒരു വർഷത്തേക്കുള്ള ഭക്ഷണവും ധാന്യവുമുണ്ട്. ഞങ്ങൾക്ക് ഒരു ചിന്തയുമില്ല.'

ഈ സമയത്ത്, ഹദ്റത്ത് യസീദ് ബിൻ സ്വംഅ കോട്ടയിലുള്ളവരുമായി സംസാരിക്കാൻ ആഗ്രഹിച്ചു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ എനിക്ക് സുരക്ഷ തരികയാണെങ്കിൽ, എനിക്ക് ഒരു കാര്യം പറയാനുണ്ട്. നിങ്ങളെന്നെ ഉപദ്രവിക്കില്ലെന്ന് ഉറപ്പു തരുകയാണെങ്കിൽ, എനിക്ക് ഒരു പ്രതിനിധിയായി വരണം.' അവർ സുരക്ഷ നൽകി, 'ഞങ്ങൾ സുരക്ഷ നൽകുന്നു' എന്ന് പറഞ്ഞു. അദ്ദേഹം കോട്ടക്ക് അടുത്ത് പോയപ്പോൾ, അവർ ചതിച്ച് അദ്ദേഹത്തിന്റെ നേരെ അമ്പുകളെറിയാൻ തുടങ്ങി, അദ്ദേഹം ശഹീദായി. ഈ യുദ്ധത്തിലെ ആദ്യത്തെ ശഹീദ് അദ്ദേഹമായിരുന്നു. ഇദ്ദേഹം ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മു സലമയുടെؓസഹോദരിയുടെ മകനായിരുന്നു. അദ്ദേഹത്തെ ശഹീദാക്കിയത് ഹുസയ്ൽ ബിൻ അബീ സുൽത്തായിരുന്നു. അദ്ദേഹത്തെ ശഹീദാക്കിയ ശേഷം അവൻ അഹങ്കാരത്തോടെ കോട്ടക്ക് പുറത്തുവന്നു. ഈ സംഭവത്തിലൂടെ മുസ്‌ലിമീങ്ങൾ ഭയപ്പെട്ടുവെന്നും അവർക്കൊന്നും ചെയ്യാൻ കഴിയില്ലെന്നും അയാൾ കരുതി. എന്നാൽ, അയാൾ കോട്ടയുടെ വാതിൽക്കൽനിന്ന് പുറത്തിറങ്ങിയ ഉടനെ ഹദ്റത്ത് യസീദ് ബിൻ സ്വംഅയുടെ സഹോദരൻ യഅ്ഖൂബ് ബിൻ സ്വംഅ കോട്ടയുടെ വാതിൽക്കൽ ഒളിച്ചിരിക്കുകയായിരുന്നു, അദ്ദേഹം അയാളെ പിടികൂടി നബിﷺതിരുമേനിയുടെ അടുത്തുകൊണ്ടുവന്നു, എന്നിട്ട് പറഞ്ഞു: 'യാ റസൂലല്ലാഹ്, ഇതാണ് എന്റെ സഹോദരന്റെ കൊലയാളി.' അങ്ങനെ അവനെ വധിച്ചു. ഇതിന്റെ വിശദീകരണങ്ങൾ ഇനിയും തുടരും, ഇൻശാ അല്ലാഹ്.

നമസ്കാരത്തിനുശേഷം ഞാൻ രണ്ടു ജനാസ നമസ്കാരിക്കുന്നതാണ്. ഒന്നാമത്തേത്, ബഹുമാനപ്പെട്ട ഡോക്ടർ സയ്യിദ് ശിഹാബ് അഹ്‌മദ് സാഹിബിന്റേതാണ്. അദ്ദേഹം അടുത്തിടെ കാനഡയിലായിരുന്നു. അടിസ്ഥാനപരമായി ഇന്ത്യക്കാരനായിരുന്നു. കുറച്ചു ദിവസങ്ങൾക്ക് മുമ്പേ 96-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ.* അദ്ദേഹം വസി


• ഹദീഥുന്നബ്‌വിﷺ •

**"അത്തഅ്സിയത്തു മർറത്തുൻ."**
**അനുശോചനം ഒറ്റത്തവണ മതി.**

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വിﷺ •

**"അദ്ദുആഉ ഹുവൽ ഇബാദത്തു."**
**ദുആ തന്നെയാണ് യഥാർഥ ആരാധന**

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

യ്യത്ത് ചെയ്ത വ്യക്തിയായിരുന്നു. അദ്ദേഹത്തിന് ഒരു മകനും മൂന്ന് പെൺമക്കളുമുണ്ട്. അദ്ദേഹത്തിന് പേരക്കുട്ടികളുമുണ്ട്. അദ്ദേഹം വാഗ്ദത്ത മസീഹ്ﷺന്റെ സ്വഹാബി, ഹദ്റത്ത് സയ്യിദ് ഇറാദത്ത് ഹുസയ്ൻ സാഹിബ് ബീഹാരിؓയുടെ പൗത്രനായിരുന്നു. അദ്ദേഹം അലിഗഢ് മുസ്‌ലിം സർവ്വകലാശാലയിൽനിന്ന് സൈക്കോളജിയിൽ എം.എസ്.സി.യും, പിന്നെ ബീഹാർ സർവ്വകലാശാലയിൽ നിന്ന് എം.എ.യും ചെയ്തു. അതിനുശേഷം, സ്കോട്ട്ലൻഡിലെ ഗ്ലാസ്ഗോ സർവ്വകലാശാലയിൽ നിന്ന് ഈ വിഷയത്തിൽ ഡോക്ടറേറ്റ് ബിരുദം നേടി. 1968-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമന്റെ(റഹ്) നിർദ്ദേശപ്രകാരം അദ്ദേഹം കാനഡയിൽ പോയി. അവിടെ ഒരു സർവ്വകലാശാലയിൽ ക്ലിനിക്കൽ സൈക്കോളജി പ്രൊഫസറായി പഠിപ്പിച്ചു. ഒമ്പതു വർഷത്തോളം അദ്ദേഹം ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റായി പ്രാക്ടീസ് ചെയ്തിരുന്നു.

മതപരമായ സേവനം ചെയ്യാനുള്ള ഭാഗ്യം അദ്ദേഹത്തിന് ഇന്ത്യയിലും കാനഡയിലും വിവിധ സമയങ്ങളിൽ ലഭിച്ചു. അദ്ദേഹം ഒരുപാട് കാലം സസ്കാട്ടോൺ ജമാഅത്തിന്റെ പ്രസിഡന്റായിരുന്നു, അതിനുമുമ്പേ തബ്‌ലീഗ് സെക്രട്ടറിയായും സജീവമായി സേവനം ചെയ്തിരുന്നു. പിന്നെ എഡ്മിന്റണിൽ, ഇശാഅത്ത് സെക്രട്ടറിയും തർബിയത്ത്, തഅ്‌ലീം എന്നീ വിഭാഗങ്ങളിലും സേവനം ചെയ്തിരുന്നു. അദ്ദേഹം ഒരു നല്ല ദാഇ ഇലല്ലാഹ് ആയിരുന്നു. നിരവധി ആളുകളെ ബയ്അത്ത് ചെയ്യിക്കാനുള്ള ഭാഗ്യം അദ്ദേഹത്തിന് ലഭിച്ചു. കാനഡയിലെ അഹ്മദിയ്യ സമൂഹത്തിന്റെ ചരിത്രം ഇംഗ്ലീഷ് ഭാഷയിൽ എഴുതപ്പെട്ടപ്പോൾ അതിനെ എഡിറ്റ് ചെയ്യാനുള്ള ഭാഗ്യവും അദ്ദേഹത്തിന് ലഭിച്ചു. കാനഡയിലെ സസ്കാട്ടൂണിൽ നിരവധി മതസമ്മേളനങ്ങൾ നടത്താൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു, അതിലൂടെ ജമാഅത്തിന്റെ സന്ദേശം അവിടുത്തെ വിദ്യാഭ്യാസമുള്ള സമൂഹത്തിൽ എത്തിക്കാൻ കഴിഞ്ഞു. ഇസ്‌ലാമിനെയും അഹ്മദിയ്യത്തിനെയും കുറിച്ച് വിവിധ സ്ഥാപനങ്ങളിൽ സംസാരിക്കാനും അദ്ദേഹത്തിന് അവസരം ലഭിച്ചു. വിവിധ ലൈബ്രറികളിൽ അദ്ദേഹം സമൂഹത്തിന്റെ പുസ്തകങ്ങൾ സംഭാവന ചെയ്തു. അദ്ദേഹം ഒരു പണ്ഡിതനായിരുന്നു. ഇസ്‌ലാമിനെയും അഹ്മദിയ്യത്തിനെയും പിന്തുണച്ചുകൊണ്ട് അദ്ദേഹം ഇംഗ്ലീഷിലും ഉർദുവിലും വിവിധ ലേഖനങ്ങളെഴുതിയിരുന്നു. അവ ജമാഅത്തിന്റെ പത്രങ്ങളിലും മാസികകളിലും മറ്റു പത്രങ്ങളിലും പ്രസിദ്ധീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ ഒരു പ്രധാന സംഭാവന, ഇന്ത്യയിലെ ബീഹാർ സംസ്ഥാനത്തിന്റെ അഹ്മദിയ്യാചരിത്രം ക്രോഡീകരിച്ചതാണ്. അദ്ദേഹത്തിന്റെ രണ്ടു ഗ്രന്ഥങ്ങളുണ്ട്: സ്യൂബ ബീഹാർ കാ അസ്ഹാബെ അഹ്മദ്, സ്യൂബ ബീഹാർ കാ ശുഹദായെ അഹ്മദിയ്യത്ത് ഔർ ചന്ദ് ഇബ്തിദായി മുഖ്‌ലിസീൻ. ഈ രണ്ടു ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചു കഴിഞ്ഞു. നല്ല പുസ്തകങ്ങളാണിവ. അദ്ദേഹം ബീഹാറിലെ അഹ്മദികളുമായി നിരന്തരം ബന്ധപ്പെടുകയും അവരുടെ അവസ്ഥകൾ ശേഖരിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ മൂന്നാമത്തെ പുസ്തകം സ്യൂബ ബീഹാർ മെ അഹ്മദിയ്യത്ത് എന്ന പേരിലുണ്ട്. അത് ഇംഗ്ലീഷ് ഭാഷയിലാണ്, അത് പൂർത്തിയായിട്ടുണ്ട്.

അദ്ദേഹം ഒരു നല്ല, ഭയഭക്തിയുള്ള, മാതൃകാപരമായ അഹ്മദിയായിരുന്നു. ഇസ്‌ലാമിക നിയമങ്ങൾ അനുസരിക്കുന്നത് തന്റെ പ്രഥമ കടമയായി അദ്ദേഹം എപ്പോഴും കരുതിയിരുന്നു. നബികരീം ﷺതിരുമേനിയോടും വാഗ്ദത്ത മസീഹ്ﷺയോടും ഖിലാഫത്തിനോടും അദ്ദേഹത്തിന് അഗാധമായ സ്നേഹബന്ധവും അർപ്പണബോധവുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകൻ സയ്യിദ് മുബാറക് പറയുന്നു, 'അദ്ദേഹത്തിന്റെ ജീവിതത്തിന് ഒരേയൊരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ;അല്ലാഹുവിന്റെ പ്രീതി നേടുക. അങ്ങനെ, അഞ്ചു നേര നമസ്കാരങ്ങൾ അദ്ദേഹം കൃത്യമായി അനുഷ്ഠിച്ചിരുന്നു. ആരാധനകളിൽ അദ്ദേഹത്തിന് പ്രത്യേക താൽപ്പര്യമുണ്ടായിരുന്നു. പഠിക്കാനും വായിക്കാനും അദ്ദേഹത്തിന് വലിയ താൽപ്പര്യമായിരുന്നു. ജീവിതത്തിന്റെ അവസാന നാളുകളിൽപോലും അദ്ദേഹം പുതിയ പുസ്തകങ്ങൾ വാങ്ങിയിരുന്നു. വാർദ്ധക്യമായിട്ടും അദ്ദേഹം വെള്ളിയാഴ്ച നമസ്കാരത്തിന് സ്ഥിരമായി പോയിരുന്നു, മരിക്കുന്നതിന് ഒരാഴ്ച മുമ്പേപോലും അദ്ദേഹം വെസ്റ്റേൺ കാനഡയിലെ ജൽസയിൽ പങ്കെടുത്തു. തബ്‌ലീഗ് അദ്ദേഹത്തിന് വളരെ താൽപ്പര്യമുള്ള കാര്യമായിരുന്നു. അദ്ദേഹം വിവിധ സമൂഹങ്ങളിൽ പോയി തബ്‌ലീഗ് ചെയ്യുമായിരുന്നു. എല്ലാ കാര്യങ്ങളിലും അദ്ദേഹം ഖലീഫയിൽനിന്ന് മാർഗ്ഗനിർദ്ദേശം തേടിയിരുന്നു. എനിക്ക് അദ്ദേഹത്തിന്റെ ധാരാളം കത്തുകൾ ലഭിച്ചിട്ടുണ്ട്. അദ്ദേഹം സ്വന്തമായി എഴുതിയ പുസ്തകങ്ങളും എനിക്ക് അയച്ചുതന്നിട്ടുണ്ട്. ചന്ദകളിൽ അദ്ദേഹം എപ്പോഴും മുൻപന്തിയിലായിരുന്നു. ജീവിതത്തിന്റെ അവസാന നാലുവർഷത്തിൽ, അദ്ദേഹം തന്റെ വരുമാനത്തിന്റെ അഞ്ചിലൊന്ന് വസിയ്യത്തിൽ നൽകിയിരുന്നു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും റഹ്മത്തും പ്രദാനം ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ ജനാസ, ഘോഘർ സാഹിബിന്റെ മകനായ മുബാറക് ഘോഘർ സാഹിബ് ലാഹോരിയുടേതാണ്. അദ്ദേഹം 81-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹവും വസിയ്യത്ത് ചെയ്ത വ്യക്തിയായിരുന്നു. ഇദ്ദേഹം ശഹീദായ അഫ്ളൽ ഘോഘർ സാഹിബ് ഗുജ്റാൻവാലയുടെ ഇളയ സഹോദരനും, ശഹീദായ അശ്റഫ് ഘോഘർ സാഹിബിന്റെ മാതൃസഹോദരനുമായിരുന്നു. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ രണ്ടു ശഹീദുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമനുമായി(റഹ്) ഇദ്ദേഹത്തിന് ഒരു പ്രത്യേക ബന്ധമുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ വിവാഹം നടത്തിക്കൊടുത്തതും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമനായിരുന്നു. ഇദ്ദേഹവുമായി വളരെ അടുത്ത ബന്ധമുണ്ടായിരുന്നു; ഖിലാഫത്തിന് മുമ്പേയും. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ(റഹ്) നിർദ്ദേശപ്രകാരമാണ് ഇദ്ദേഹം കറാച്ചിയിൽ തന്റെ ബിസിനസ്സ് ആരംഭിച്ചത്. അതു വളരെ വിജയകരമായിരുന്നു. ജമാഅത്തിയായ നിലയിൽ അദ്ദേഹത്തിനു മേൽ വലിയ ചുമതലകളൊന്നും അർപ്പിക്കപ്പെട്ടിരുന്നില്ലെങ്കിലും, ജമാഅത്തിന്റെ സേവനത്തിന് എപ്പോൾ വിളിച്ചാലും ഉടൻ സന്നദ്ധനാകുമായിരുന്നു. ഇദ്ദേഹത്തിന് ജമാഅത്തിനോടും ഖിലാഫത്തിനോടും അഗാധമായ സ്നേഹബന്ധമുണ്ടായിരുന്നു. ഇദ്ദേഹം വളരെ സൗഹൃദനും ദയാലുവും മറ്റുള്ളവരുടെ വിഷമങ്ങൾ മനസ്സിലാക്കുന്നയാളും അത് പരിഹരിക്കാൻ ശ്രമിക്കുന്നയാളുമായിരുന്നു. പൊതുജനക്ഷേമപരമായ കാര്യങ്ങളിൽ ഇദ്ദേഹം മുൻപന്തിയിലായിരുന്നു. ഇദ്ദേഹം തന്റെ അന്തരിച്ച മാതാവിന്റെ പേരിൽ ഒരു വിദ്യാഭ്യാസ സ്കോളർഷിപ്പ് ആരംഭിച്ചിരുന്നു. ഇദ്ദേഹത്തിന് ഭാര്യയും ഒരു മകളും രണ്ട് ആൺ മക്കളുമുണ്ട്. അല്ലാഹു ഇദ്ദേഹത്തിന് മഗ്ഫിറത്തും കരുണയും പ്രദാനം ചെയ്യുമാറാകട്ടെ.

പേജ് 1 ൽ നിന്ന്

മുഹാജിറുകളിൽപ്പെട്ട ഓരോരോ സ്വഹാബിമാരും എഴുന്നേൽക്കുകയും ഇങ്ങനെ പറയുകയും ചെയ്തു: 'യാ റസൂലല്ലാഹ്! കൂടിയാലോചിക്കേണ്ട ആവശ്യമെന്താണ്? മുന്നോട്ടു നീങ്ങുകയും ശത്രുക്കളെ നേരിടുയും ചെയ്താലും. ഞങ്ങൾ അങ്ങയോടൊപ്പമുണ്ട്. ഞങ്ങളുടെ ജീവൻ ബലിയർപ്പിക്കാൻ തയ്യാറാണ്.' എന്നാൽ, ഏതെങ്കിലും മുഹാജിർ ഇരിക്കുമ്പോൾ അവിടന്ന് വീണ്ടും പറയുമായിരുന്നു, 'ജനങ്ങളേ, എനിക്ക് അഭിപ്രായം പറഞ്ഞുതരിക.'കാര്യങ്ങൾ നമല്ലവണ്ണം മനസ്സിലാക്കുന്നവരും ത്യാഗങ്ങൾ ചെയ്യുന്ന ജനതയുമായ അൻസ്വാറിലെ ആളുകൾ നിശബ്ദരായി ഇരിക്കുകയായിരുന്നു. തങ്ങൾ യുദ്ധം ചെയ്യാൻ തയ്യാറാണെന്ന് പറഞ്ഞാൽ മക്കയിൽ സത്യനിഷേധികൾ ഈ മുഹാജിറുകളുടെ ബന്ധുക്കളാണ് അവരിൽ ചിലർ പിതാക്കന്മാരാണ്, ചിലർമക്കളാണ്, ചിലർ സഹോദരന്മാരാണ്, ചിലർ അമ്മാവന്മാരാണ്, ചിലർ പിതൃസഹോദരന്മാരാണ്, അതിനാൽ തങ്ങളുടെ ആവേശം അവർക്ക് സഹിക്കാൻ പറ്റുകയില്ലെന്ന് അവർ മനസ്സിലാക്കിയിരുന്നു. അവർക്ക് തങ്ങളുടെ ബന്ധുക്കളെ കൊല്ലുന്നതിൽ നല്ല രസമാണെന്ന് അവർ മനസ്സിലാക്കുകയും ചെയ്യും. എന്നാൽ, 'ജനങ്ങളെ അഭിപ്രായം പറയുക' എന്ന് നബിﷺതിരുമേനി ആവർത്തിച്ച് പറഞ്ഞപ്പോൾ, ഒരു അൻസ്വാരി എഴുന്നേറ്റുനിന്നു. അദ്ദേഹം പറഞ്ഞു:'യാ റസൂലല്ലാഹ് അഭിപ്രായം അങ്ങയ്ക്ക് കിട്ടിക്കൊണ്ടിരിക്കുകയാണ്. എന്നാൽ, അങ്ങ് വീണ്ടും വീണ്ടും അഭിപ്രായം ചോദിക്കുന്നു. അങ്ങ് ഉദ്ദേശിക്കുന്നത് അൻസ്വാറായ ഞങ്ങളെ ആയിരിക്കും; ഇതിനെക്കുറിച്ച് ഞങ്ങളുടെ അഭിപ്രായം എന്താണെന്ന്? നബിﷺതിരുമേനി പറഞ്ഞു:'ശരിതന്നെ.' അവർ പറഞ്ഞു: യാ റസൂലല്ലാഹ്!ഞങ്ങൾ മക്കമുകർറമയിൽ (ആദരണീയമായ മക്കയിൽ) പോയപ്പോൾ, ഞങ്ങൾക്ക് അങ്ങയ്ക്ക് ബയ്അത്തു ചെയ്യാൻ ഭാഗ്യം കിട്ടിയിരുന്നു. ആ നേരത്ത് അങ്ങ് മദീനയിൽ വരാൻ ഞങ്ങൾ അപേക്ഷിച്ചിരുന്നു. അങ്ങ് ഞങ്ങളുടെ അപേക്ഷ സ്വീകരിച്ചു. ഏതെങ്കിലും ശത്രു മദീനയെ ആക്രമിച്ചാൽ ഞങ്ങൾ ഞങ്ങളുടെ ജീവനും ഞങ്ങളുടെ ധനവും ബലിയർപ്പിച്ച് അങ്ങയെ സംരക്ഷിക്കുമെന്ന് ഉടമ്പടിയും ചെയ്തിരുന്നു. പക്ഷേ, മദീനയ്ക്കുവെ

ളിയിൽ പോരാട്ടമുണ്ടാകുകയാണെങ്കിൽ, അതുകൊണ്ട് അങ്ങ് സൂചിപ്പിക്കുന്നത് ആ ഉടമ്പടിയായിരിക്കും. ഇപ്പോൾ ആ ഉടമ്പടിയനുസരിച്ച് ഞങ്ങളുടെ അഭിപ്രായമെന്താണ് എന്നായിരിക്കും അങ്ങ് ചോദിക്കുന്നത്. നബിﷺതിരുമേനി പറഞ്ഞു:'നിങ്ങൾ മനസ്സിലാക്കുന്നത് ശരിതന്നെയാണ്. ഞാൻ സൂചിപ്പിച്ചത് ആ ഉടമ്പടിതന്നെയാണ്.' അവർ പറഞ്ഞു:'യാ റസൂലല്ലാഹ്!ആ ഉടമ്പിയുടെ ചിന്ത വിട്ടുകളയുക. ഞങ്ങൾ ഈ ഉമ്പടി ചെയ്തപ്പോൾ, ആ നേരത്ത് അങ്ങയുടെ പൂർണമായ തേജോവിലാസം ഞങ്ങളിൽ പ്രകടമായിരുന്നില്ല. എന്നാൽ, ഞങ്ങൾ അങ്ങയുടെ തേജോവിലാസമെന്താണെന്ന് ഇപ്പോൾ കണ്ടുകഴിഞ്ഞിരിക്കുന്നു;അങ്ങ് എത്രവലിയ മഹത്ത്വമാർന്നതും പ്രതാപസ്ഥാനീയനുമായ നബിയാണെന്ന്!ഇനി ഒരു ഉടമ്പടിയുടേയും പ്രശ്നംതന്നെ ഉദിക്കുന്നില്ല. യാ റസൂലല്ലാഹ്! യുദ്ധമുണ്ടായാൽ അല്ലാഹവാണെ സത്യം ഞങ്ങൾ അങ്ങയുടെ ഇടത്തുനിന്നും യുദ്ധം ചെയ്യും വലത്തുനിന്നും യുദ്ധം ചെയ്യും മുന്നിൽനിന്നും യുദ്ധം ചെയ്യും പിന്നിൽനിന്നും യുദ്ധം ചെയ്യും ഞങ്ങളുടെ ശവങ്ങളിലൂടെ ചവിട്ടിയല്ലാതെ ശത്രുക്കൾക്ക് അങ്ങയോളമെത്താൻ സാധിക്കുകയില്ല." ഇതായിരുന്നു ആ ആത്മാർഥത. ഈ മാതൃകയാണ് അൻസ്വാർ കണിച്ചത്. ആത്മാർപ്പണാവേശത്തിന്റെ ഈ മാതൃകയായിരുന്നു അവർ പ്രകടിപ്പിച്ചത്. പിന്നീട് അവർ ആടുമാടുകളെപ്പോലെ തങ്ങളുടെ തലകൾ ഇസ്‌ലാമിന്റെ വഴിയിൽ മുറിപ്പിച്ചു. അതിന്റെ ചിത്രം ചരിത്രത്തിന്റേ ഏടുകളിൽമാത്രമല്ല മനസ്സുകളുടെ അഗാധതയിലും എങ്ങനെ പതിഞ്ഞിരിക്കുന്നുവെന്നാൽ, അവരുടെ ശോഭനീയമായ ത്യാഗങ്ങൾ ഖിയാമത്തുന്നാൾവരെയുള്ള തലമുറകൾക്ക് ഒരിക്കലും വിസ്മരിക്കാൻ സാധിക്കുകയില്ല.(തഫ്സീറെ കബീർ വാല്യം 6, പേജ് 165, പ്രസാധനം ഖാദിയാൻ, 2010)

പേജ് 12 ൽ നിന്ന്

ഹൃദയംകൊണ്ട് പശ്ചാത്തപിച്ച കാരണത്താൽ പെട്ടന്നുള്ള ദൈവിക ശിക്ഷയിൽനിന്ന് രക്ഷപ്പെട്ടെങ്കിലം സത്യത്തെ മറച്ചുവയ്ക്കുന്ന തെറ്റുകാരനാവുകയും 1896 ജൂലായ് 27-ന് അവസാനം നാശത്തിലകപ്പെടുകയും ചെയ്തു. ഈ സംഭവം ക്രിസ്തീയ ലോകത്തിന്റെ ആവേശവും വെറുപ്പും വർധിപ്പിച്ചു. അവസാനം ഈ മരണത്തിന്റെ പ്രതികാരമെന്നോണം 1897 ആഗസ്റ്റ് മാസത്തിൽ മാർട്ടിൻ ക്ലാർക്ക് വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ് മദിന്നെതിരിൽعليه السلام വധോദ്യമകേസ് കൊടുത്തു.

1897-ൽ തുർക്കി സുൽത്വാന്റെ ഡെപ്യൂട്ടി അംബാസിഡറായ ഹുസയ്ൻ കാമി ഖാദിയാനിൽ വന്നു. അദ്ദേഹം തുർക്കിയിലെ ഉഥ്മാനിയ ഖിലാഫത്തിനുവേണ്ടി ഇംഗ്ലീഷുകാർക്കെതിരിൽ വാഗ്ദത്ത മഹ്ദീമസീഹിعليه السلامന്റെ സഹായം ആഗ്രഹിച്ചിരുന്നു. എന്നാൽ, തുർക്കി ഭരണകൂടത്തിന്റെ അവസ്ഥ നല്ലതല്ലെന്നും അക്കാരണത്താൽ അതിന്റെ പര്യവസാനം നല്ലതാവില്ലെന്നും വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്عليه السلامന് കശ്ഫിലൂടെ അല്ലാഹു അറിവ് നൽകി. അതുകൊണ്ട് അയാൾ തിരിച്ചുപോയി. വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദിعليه السلامന്നെതിരിൽ പത്രങ്ങളിൽ പ്രകോപനപരമായ ഒരു ലേഖനം പ്രസിദ്ധീകരിക്കുകയും ഒരുപാട് ചർച്ചകൾ നടത്തുകയും ചെയ്തു. ഇപ്രകാരം വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്عليه السلامമുസ്‌ലിമീങ്ങളുടെ ശക്തമായ ഉഥ്മാനിയ ഭരണകൂടത്തിന്റെ ശത്രുതയും ശിരസിലേറ്റിയതുപോലെയായി.

1893-ൽ വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്عليه السلامനബിﷺ തിരുമേനിയെ ചീത്തവിളിച്ച ലേഖ്റാമിനെ കുറിച്ച് അയാൾക്ക് 6 വർഷത്തിനുള്ളിൽ നാശമുണ്ടാവുമെന്ന് പ്രവചനം നടത്തിയിരുന്നു. 1897 മാർച്ച് 6-ന് ഈ അതിമഹത്തായ പ്രവചനം പുലർന്നപ്പോൾ ഹിന്ദുക്കളും ആര്യസമാജക്കാരും അദ്ദേഹത്തിന്റെ ആജന്മശത്രുക്കളായി മാറി. ലേഖ്റാമിനെ വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്عليه السلامകൊലചെയ്യിച്ചതാണെന്ന ആരോപണം ഉന്നയിച്ചു. ആ പുണ്യാത്മാവിന്റെ വീട് റെയ്ഡ് ചെയ്യപ്പെട്ടു. പരിശോധിക്കുന്ന പോലീസുദ്യോഗസ്ഥൻ പറഞ്ഞു: 'മിർസ എപ്പോഴും രക്ഷപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ, ഇത്തവണ എന്റെ കൈ കാണുന്നതാണ്.' അദ്ദേഹത്തെ കൊല്ലാൻ പദ്ധതികളിട്ടു, വധിക്കുന്നവർക്ക് സമ്മാനങ്ങളും നിശ്ചയിക്കപ്പെട്ടു. മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി സാഹിബ് എഴുതി: 'ലേഖ്റാമിന്റെ കൊലപാതകത്തിൽ മിർസാ സാഹിബിന് പങ്കുണ്ടെന്ന്, സത്യം ചെയ്യാൻ ഞാൻ തയ്യാറാണ്. അതുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യാനുള്ള നടപടികളും സ്വീകരിക്കപ്പെട്ടു.' *(താരീഖെ അഹ്മദിയ്യത്ത് വാല്യം 1, പേജ് 598)*

1898-ന്റെ ആരംഭത്തിൽ ഒരു മൗലവിയായ മുല്ലാ മുഹമ്മദ് ബഖ്ശ് ജട്ട്ലി ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചുകൊണ്ട് വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്عليه السلامന്റെ മരണം സംഭവിച്ചതായി ഒരു കള്ള വാർത്ത പ്രചരിപ്പിച്ചു. *(താരീഖെ അഹ്മദിയ്യത്ത് വാല്യം 2, പേജ് 9).*

1898-ന്റെ മധ്യത്തിൽ പഞ്ചാബ് ഭരണകൂടം ഇൻകംടാക്സ് നൽകാത്തതിന്റേയും സർക്കാർ ഖജനാവിന് നഷ്ടമുണ്ടാക്കിയതിന്റേയും പേരിൽ വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്عليه السلامന്നെതിരിൽ കേസ് രജിസ്റ്റർ ചെയ്തു. 1898-ന്റെ അവസാനത്തിൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ വ്യാജസന്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആ മഹാത്മാവിന്നെതിരിൽ സമാധാനഭംഗത്തിന് കേസ് രജിസ്റ്റർ ചെയ്തു. മിർസാ സാഹിബ്, തന്നെ കൊല്ലിക്കുമെന്ന് മൗലവി സാഹിബ് പറഞ്ഞു.

ബറാഹീനെ അഹ്മദിയ്യായുടെ പ്രഥമ വാല്യങ്ങളുടെ പ്രസിദ്ധീകരണത്തിനുശേഷം വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്عليه السلامന്നെതിരിൽ കുഫ്ർ ഫത്വ നൽകപ്പെട്ടു എന്ന കാര്യവും ഓർക്കുക. *(ആലമി ഫിത്ന തക്ഫീർ കെ മുതഅല്ലിക്ക് റസൂൽകരീം ﷺകി പേശ്ഗോയിയാം, ദോസ്ത് മുഹമ്മദ് ശാഹിദ്, പേജ് 16, ഡന്മാർക്ക്)*

ഇതിനുശേഷം മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി ഇന്ത്യ ഒട്ടുക്ക് യാത്ര ചെയ്യുകയും 200 പണ്ഡിതന്മാരിൽനിന്ന് കുഫ്ർ ഫത്വ ശേഖരിക്കുകയും നികൃഷ്ടമായി ചീത്തവിളിക്കുകയും ചെയ്തു. (ഹയാത്തെ ത്വയ്യിബ, പേജ് 102 ശയ്ഖ് അബ്ദുൽ ഖാദിർ)

ഈ സംഭവങ്ങൾ ഉച്ചൈസ്തരം വിളിച്ചുപറയുന്നത് വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്عليه السلامന്റെ ജീവനും സ്വത്തും വളരെ അപകടത്തിലായിരുന്നുവെന്നും നാനാഭാഗത്തുനിന്നും എതിരാളികളാൽ വലയം ചെയ്യപ്പെട്ട അവസ്ഥയിലായിരുന്നുവെന്നുമാണ്. ഈ അവസ്ഥയിൽ ശത്രുക്കളുടെ ദ്രോഹങ്ങളിൽനിന്ന് താൻ രക്ഷപ്പെടുമെന്നും എതിരാളികൾ പരാജിതരായിപ്പോവുമെന്നും അദ്ദേഹം പറഞ്ഞു. താൻ ഭൂമിയുടെ അറ്റങ്ങളോളം ബഹുമാനവും കീർത്തിയും കസ്ഥമാക്കുമെന്നും സ്വീകാര്യത കരസ്ഥമാക്കുമെന്നും ഇനി മറിച്ചാരെങ്കിലും ചിന്തിക്കുന്നുവെങ്കിൽ ലോകത്തിന്റെ ദൃഷ്ടിയിൽ അതിന് ഭ്രാന്തന്റെ ജൽപനങ്ങളേക്കാൾ വലിയ സ്ഥാനമൊന്നുമില്ലെന്നും അദ്ദേഹം പറഞ്ഞു. ഇത് തന്റെ ജനതയുടെ അക്രമംകൊണ്ട്

• ഹദീഥുന്നബ്വിﷺ •



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**

**(ബുഖാരി 23:77)**

ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്വിﷺ •

**"അൽഅയ്മനു ഫൽ അയ്മനു."**

**വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.**

ത്വാലിബെ ദുആ

**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്വിﷺ •

**"അദ്ദുൻയാ മസ്റഅത്തുൽ ആഖിറ."**

**ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.**




ത്വാലിബെ ദുആ

**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

പൊറുതിമുട്ടിയ ദൈവത്തിന്റെ ഒരുമഹാനായ പ്രവാചകനെ പിന്തുടർന്നുകൊണ്ടു വന്നയാളോടു കിസ്റയുടെ വള നിന്റെ കൈകളിൽ അണിയിക്കപ്പെടുമെന്ന് പറഞ്ഞതുപോലെ തന്നെയല്ലേ?

**സന്ദേശം എവിടെയൊക്കെ എത്തിയിട്ടുണ്ടായിരുന്നു?**

ഈ വെളിപാടിന്റെ സമയത്ത് ജമാഅത്തിന് പേരുംപെരുമയുമൊന്നുമുണ്ടായിരുന്നില്ല. അത് ശൈശവാവസ്ഥയിലായിരുന്നു. അതുകൊണ്ട് ഇന്ത്യയിൽ അഹ്മദികൾ ഉണ്ടായിരുന്നെങ്കിലും ജമാഅത്ത് സംവിധാനമൊന്നുമുണ്ടായിരുന്നില്ല. അഹ്മദികൾ ധനത്യാഗങ്ങളും ചെയ്തിരുന്നു. എങ്കിലും ചന്ദയുടെ കൃത്യമായ സംവിധാനമുണ്ടായിരുന്നില്ല. വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്ؑആവശ്യത്തിനനുസരിച്ച് ആഹ്വാനം ചെയ്യുകയും ജമാഅത്തംഗങ്ങൾ ലബ്ബയ്ക്ക് പറഞ്ഞ് അതിൽ പങ്കെടുക്കുകയുമായിരുന്നു. ഏതെങ്കിലും മുബല്ലിഗോ മുറബ്ബിയോ ഉണ്ടായിരുന്നില്ല. ഏതെങ്കിലും പത്രമോ മാസികയോ ഉണ്ടായിരുന്നില്ല. 1897-ന്റെ അവസാനത്തിൽ അൽഹക്കം പത്രം ആഴ്ചപ്പതിപ്പായി അമൃതസറിൽനിന്ന് പ്രസിദ്ധപ്പെടുത്തുകയും 1902-ൽ റിവ്യൂ ഓഫ് റിലീജിയൻസ് പ്രസിദ്ധീകരിക്കുകയുമായിരുന്നു.

ഇന്ത്യക്ക് പുറത്ത് വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്ؑനെ സംബന്ധിച്ച ചർച്ച ഏറ്റവും കൂടുതൽ ബ്രിട്ടനിലായിരിക്കും നടന്നിരിക്കുക. എന്തുകൊണ്ടെന്നാൽ, ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണകൂടമായിരുന്നു. ഇന്ത്യയിലെ സകല വാർത്തകളും അവിടെ എത്തിയിരുന്നു. 1897-ൽ വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്ؑ'തുഹ്ഫ ഖയ്സരിയ' എന്ന പേരിൽ ഒരു തബ്ലീഗ് കത്ത് ഇംഗ്ലണ്ടിലെ വിക്ടോറിയ രാജ്ഞിക്ക് അയച്ചു. എന്നാൽ, അതിനും പ്രത്യേകമായൊരു പ്രതികരണമൊന്നും ഉണ്ടായിട്ടില്ല.

വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്ؑ അല്ലാഹുവിനാൽ നിയോഗിതനായ ഉടനെ ആഗോളതലത്തിൽ വിജ്ഞാപനങ്ങൾ മുഖേന അടയാളങ്ങൾ കാണിക്കുമെന്നുള്ള വിളംബരം നടത്തിയിട്ടുണ്ടായിരുന്നു. ലോകത്തുള്ള വലിയ വലിയ നേതാക്കന്മാർക്കും മത ഗുരുക്കന്മാർക്കും തന്റെ സന്ദേശം എത്തിച്ചു. അവിടന്ന് പറയുന്നു: "ഈ വാദം അല്ലാഹുവിന്റെ അനുഗ്രഹത്താലും അവന്റെ തൗഫീഖിനാലും എതിർപ്പിന്റെ മൈതാനത്തിൽ എതിരാളികളുടെ മുമ്പാകെ വെക്കപ്പെട്ടിരിക്കുന്നു. ഈ വാദത്തെ കാണിക്കുന്നതിന് ഏകദേശം മുപ്പതിനായിരത്തോളം വിജ്ഞാപനങ്ങൾ വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. എണ്ണായിരം ഇംഗ്ലീഷ് കത്തുകളും രജിസ്ട്രേഡ് ആയിക്കൊണ്ട് ഇന്ത്യാ രാജ്യത്തുള്ള മുഴുവൻ പാതിരിമാർക്കും പണ്ഡിറ്റുമാർക്കും യഹൂദികൾക്കും അയക്കപ്പെട്ടു. അതിൽ ഒതുക്കാതെ ഇംഗ്ലണ്ട്, ജർമനി, ഫ്രാൻസ്, യൂനാൻ, റഷ്യ, റോം കൂടാതെ യൂറോപ്പിലെ മറ്റ് രാജ്യങ്ങളിലെ വലിയ വലിയ പാതിരിമാരുടെ പേരിലും അയക്കുകയുണ്ടായി. അതുകൊണ്ട് ഇംഗ്ലണ്ടിലേയും ഇന്ത്യയിലേയും സിംഹാസനാധിപനായ പ്രിൻസ് ഓഫ് വെൽസ്, ഗ്ലേഡ്സ്റ്റോൺ പ്രധാനമന്ത്രി, ജർമനിയിലെ രാജകുമാരൻ ബിസ്മാർക്ക് എന്നിവരും അവരിൽപ്പെടുന്നു. അവരെല്ലാവരും കൈപറ്റിയതിന്റെ രസീതുകളാൽ ഒരു പെട്ടി നിറഞ്ഞിരിക്കുന്നു. *(മക്തൂബാത്തെ അഹ്മദിയ, വാള്യം 1, പേജ്, 649)*

ലോകത്തുള്ള പ്രസിദ്ധരായ സകലനേതാക്കളിലേക്കും വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്ؑന്റെ വാദം എത്തിയിരുന്നുവെന്ന് ഇതിൽനിന്നു മനസ്സിലാകുന്നു. പക്ഷേ, അവരിൽനിന്ന് ആരുംതന്നെ സ്വീകരിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചില്ല. അവരുടെ മുഴുവൻ സമൂഹങ്ങളിലേക്കും വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്ؑന്റെ സന്ദേശം എത്തിയെന്നും പറയാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ മുഴുവൻ സമൂഹങ്ങളുടെയും ഭാഷവരെ എത്തുന്നതിനുതന്നെ വലിയൊരു സംവിധാനം ആവശ്യമായിരുന്നു.

ലോകത്തിന്റെ അറ്റം എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്?

"Verdens Ende"

The End of the Earth

അതായത് ലോകത്തിന്റെ അവസാനഭാഗമായ നോർവെ.

ഭൂമി പൊതുവെ ഗോളാകൃതിയിലാണുള്ളത്. ഗോളാകൃതിയിലുള്ള വസ്തുവിന് ഒരു അറ്റമുണ്ടാവുകയില്ല. അതുകൊണ്ട് ഈ ഇൽഹാമിൽ ലോകത്തിന്റെ കോണുകൾ എന്നതിനർഥം മുഴുവൻ സ്ഥലവുമെന്നായിരിക്കും. അതായത് ഭൂമിയുടെ ഓരോരോ സ്ഥലത്തും നിന്റെ സന്ദേശം എത്തുന്നതായിരിക്കുമെന്ന്!

മനുഷ്യവാസം അവസാനിക്കുന്നതും സമുദ്രപ്രദേശങ്ങൾ ആരംഭിക്കുന്നുവെന്നറിയപ്പെടുന്നതുമായ സ്ഥലങ്ങൾ ലോകത്തിന്റെ അറ്റം എന്ന് പറയപ്പെടുന്നു.

നോർവെയിലെ ഷോൺ പട്ടണത്തിന്റെ വടക്ക് ഒരു സ്ഥലം End of the World എന്ന് പറയപ്പെടുന്നുണ്ട്. ഉത്തരധ്രുവപ്രദേശത്തിന്റെ സമീപമുള്ള രാജ്യമായ ഫിൻലാൻഡിനെ ലോകത്തിന്റെ അവസാന ഭാഗം എന്ന് പറയുന്നുണ്ട്. ഇതേപോലെ അമേരിക്ക, റഷ്യ, കനഡയുടെ വടക്കൻ പ്രദേശങ്ങളും അവസാന അറ്റം എന്ന് പറയപ്പെടുന്നു. കൂടാതെ ദക്ഷിണധ്രുവപ്രദേശമായ അന്റാർട്ടിക്ക ഭൂഖണ്ഡവും ലോകത്തിന്റെ അവസാന കര എന്ന് അറിയപ്പെടുന്നു. അവിടെ ശാസ്ത്രീയ ഗവേഷണം നടത്തുന്ന ഏതാനും ശാസ്ത്രജ്ഞന്മാരാണ് വസിക്കുന്നത്. ഡേറ്റ് ലൈൻ കടന്നുപോവുന്ന ഫിജി ലോകത്തെ രണ്ട് ഭാഗമായി വിഭജിക്കുന്നു. അതും അറ്റം എന്ന് പറയപ്പെടുന്നു.

ലോകത്ത് ഏറ്റവും ആദ്യം സൂര്യോദയം നടക്കുന്നത് ജപ്പാനിലാണെന്ന് പറയപ്പെടുന്നു. ശാന്ത സമുദ്രത്തിലെ രാജ്യമായ സാമവാനെ 2021 ഡിസംബറിൽ തങ്ങളുടെ സ്റ്റാന്റേർഡ് ടൈംമിൽ മാറ്റം വരുത്തിയിരിക്കുന്നു. ഇപ്രകാരം ഈ പ്രദേശം ലോകത്ത് ഏറ്റവുമാദ്യം സൂര്യോദയം കാണുന്നു.

ഭൂപടത്തിൽ വടക്കുനിന്നു തെക്കുവരെയും കിഴക്കുനിന്ന് പടിഞ്ഞാറുവരെയും ദൃഷ്ടിപായിക്കുകയാണെങ്കിൽ എത്ര രാജ്യങ്ങളും പ്രദേശങ്ങളും സമുദ്രതീരങ്ങളിലുണ്ടോ അവയ്ക്കെല്ലാം ഭൂമിയുടെ അറ്റമെന്ന് പറയാവതാണ്. അവയുടെ ഭൂരിപക്ഷങ്ങളിലും വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്ؑന്റെ സന്ദേശം എത്തിക്കഴിഞ്ഞിരിക്കുന്നു. ഈ പ്രകാശംകൊണ്ട് പ്രഭാപൂരിതമാവാത്ത കുറച്ച് ദ്വീപുകളും ഉണ്ടായിരിക്കാം. ഏതാനും വർഷങ്ങൾക്കുള്ളിൽ അവിടെയെല്ലാം വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്ؑന്റെ സന്ദേശം എത്തുമെന്ന കാര്യം അതിവിദൂരമല്ല.

**സന്ദേശമെത്തിയതിനെ സംബന്ധിച്ച് അസാധാരണ ദൃശ്യങ്ങൾ**

വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്ؑന് 'ഞാൻ നിന്റെ സന്ദേശം ഭൂമിയുടെ അറ്റങ്ങളോളമെത്തിക്കും' എന്നതാണെന്ന വാഗ്ദാനം നൽകപ്പെട്ടപ്പോൾ ദൈവത്തിന്റെ പ്രത്യേകമായ സഹായങ്ങൾ അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരിക്കുമെന്നതിലേക്ക് തീർച്ചയായും സൂചനയുണ്ടായിരുന്നു. അതോടൊപ്പംതന്നെ ദൈവികചര്യയനുസരിച്ച് പ്രവചനങ്ങൾ പൂർത്തീകരിക്കുന്നതിന് ദൈവിക ജമാഅത്തിന്റെ അധ്വാനവും പരിശ്രമവും നിർബന്ധമായി വരുന്നതുമായിരിക്കും. അതുകൊണ്ട് അതനുസരിച്ച് അഹ്മദിയ്യാ ജമാഅത്ത് ജീവനും സമ്പത്തും സമയവും മാനവും സന്താനങ്ങളും ബലിയർപ്പിച്ചുകൊണ്ട് ഈ പരിശുദ്ധമായ സന്ദേശത്തെ ലോകത്തിന്റെ കോണുകൾവരെ എത്തിച്ചുകൊണ്ടിരിക്കുന്നു. ഈ മാർഗത്തിൽ ശഹാദത്തുകളുമുണ്ടായി.

• ഹദീസുന്നബവി ﷺ •
"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

• ഹദീസുന്നബവി ﷺ •
"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.
tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

ഒരുപാട് പ്രയാസങ്ങൾ സഹിച്ചു. ഭാര്യാമക്കളെ നഷ്ടപ്പെടുത്തി, വിശപ്പും ദാഹവും സഹിച്ചു. മുറിവുകളേറ്റുവാങ്ങി. കാരാഗ്രഹത്തിന്റെ പ്രയാസങ്ങൾ സഹിച്ചു. എന്നാൽ, അതൊന്നും ഈ വഴിയിൽ ഒരു കുറവും വരുത്തിയില്ല. അല്ലാഹു തന്റെ വാഗ്ദാനങ്ങൾക്കനുസൃതമായി വിവരിച്ച ഖുർആനിന്റെ വിശ്വാസ വർധകമായൊരു ഭാഗം ഇപ്രകാരമാണ്: ഒരുപാട് സ്ഥലങ്ങളിൽ പ്രത്യേകമായ അധ്വാനങ്ങളും പരിശ്രമങ്ങളും ഒന്നുംതന്നെ ഇല്ലാതെ ജമാഅത്തിന്റെ സന്ദേശമെത്തി എന്ന് മാത്രമല്ല അല്ലാഹുവിന്റെ പ്രത്യേകമായ വിധിയാൽ ആ രാജ്യങ്ങളിൽ അഹ്മദിയ്യത്തിന്റെ വേര് ശക്തമായി ഉറയ്ക്കുകയും ചെയ്തു. ഉദാഹരണത്തിന്:

* ഘാനയിൽ പ്രാരംഭ സന്ദേശപ്രചാരണത്തിന് കൃത്യമായ ആസൂത്രണങ്ങളൊന്നും ചെയ്തിട്ടുണ്ടായിരുന്നില്ല. ഘാനയിലെ പട്ടണമായ അക്രാഫോയിലെ ഒരു മുസൽമാൻ യൂസുഫ് നിയാർകോ, സാഹിബ്(Yousuf Nyarko) 1920-ൽ ഒരു വെളുത്ത മനുഷ്യന്റെ കൂടെ അദ്ദേഹം നമസ്കരിക്കുന്നത് സ്വപ്നത്തിൽ കാണുകയുണ്ടായി. അദ്ദേഹം തന്റെ സ്വപ്നത്തെപ്പറ്റി നൈജീരിയ സ്വദേശിയായ മിസ്റ്റർ അബ്ദുറഹ്മാൻ പെഡ്റോ (Abdul Rahman Pedro) സാഹിബിനോടു പറഞ്ഞു. അബ്ദുർറഹ്മാൻ സാഹിബ് പറഞ്ഞു: 'ഞാൻ ഒരു മുസ്‌ലിം മിഷനെ സംബന്ധിച്ച് വായിച്ചിട്ടുണ്ട്. അതിന്റെ കേന്ദ്രം ഇന്ത്യയിലാണ്. ഒരു ശാഖ ലണ്ടനിലുമുണ്ട്. യൂസുഫ് സാഹിബ് തന്റെ സ്വപ്നത്തെ സംബന്ധിച്ച് ചീഫ് മഹ്ദി ആപ്പായോടു പറഞ്ഞപ്പോൾ അദ്ദേഹം മുസ്ലിമീങ്ങളുടെ ഒരു മീറ്റിംഗ് സംഘടിപ്പിച്ച് അഹ്മദിയ്യത്തിന്റെ കേന്ദ്രത്തിലേക്ക് തങ്ങൾക്ക് മുബല്ലിഗിനെ അയച്ചു തരാനായി കത്തെഴുതാൻ തീരുമാനിച്ചു. ആദ്യ ഘാനിയൻ അഹ്മദി ചീഫ് മഹ്ദീ ആപ്പാ സാഹിബ് കേപ്പ് കോസ്റ്റിലെ ശാംകാരനായ മുസ്ലിം കച്ചവടക്കാരനിൽ നിന്നു ആ സമയം ലണ്ടനിലുണ്ടായിരുന്ന ഡോക്ടർ മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്ؓന്റെ വിലാസം കരസ്ഥമാക്കുകയും അദ്ദേഹവുമായി കത്തിടപാടുകൾ നടത്തുകയും കുറച്ച് സംഖ്യ സ്വരൂപിച്ച് വെളുത്തവനായ മുബല്ലിഗിനെ വരുത്താനായി ലണ്ടൻ മിഷനിലേക്ക് അയക്കുകയും ചെയ്തു. അങ്ങനെഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓന്റെ കൽപനപ്രകാരം 1921 മാർച്ച് മാസത്തിൽ ഹദ്റത്ത് മൗലാന അബ്ദുർറഹീം സാഹിബ് നയ്യർؓലണ്ടനിൽനിന്ന് ഘാനയിലെത്തി.

* ഗാംബിയ(Gambia) മിഷനും ഇതുപോലെ തന്നെയാണ് സ്ഥാപിതമായത്. ഗാംബിയയിലെ ഒരു പെൺകുട്ടി ഉന്നത വിദ്യാഭ്യാസത്തിന് സിയറ ലിയോണിലേക്ക്(Sierra Leone) പോയി. അവിടെ വച്ച് അവൾക്ക് ഏതോ കടയിൽനിന്ന് നമസ്കാരത്തിന്റെ ഒരു പുസ്തകം കിട്ടി. അതിൽ അറബി ഭാഷയോടൊപ്പം ഇംഗ്ലീഷ് തർജമയുമുണ്ടായിരുന്നു. ആ പെൺകുട്ടി തന്റെ രാജ്യത്ത് ഒരിക്കലും ഇത്തരത്തിലുള്ള പുസ്തകം കണ്ടിട്ടില്ലായിരുന്നു. അവൾ ആ പുസ്തകം വാങ്ങുകയും ഗാംബിയയിലെ തന്റെ ഒരു ബന്ധുവിന് അയച്ചുകൊടുക്കുകയും ചെയ്തു. ഈ പുസ്തകം സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ പ്രസിദ്ധീകരിച്ചതായിരുന്നു. ഒരു യുവാവ് ബാരാ ഇൻജോയ് (Bara Injoy) ഖാദിയാൻ ജമാഅത്തുമായി ബന്ധപ്പെടുകയും കൂടുതൽ ദീനി ഗ്രന്ഥങ്ങൾക്കുവേണ്ടി അപേക്ഷിക്കുകയും ചെയ്തു. ജമാഅത്ത് അദ്ദേഹത്തിന് കൂടുതൽ പുസ്തകങ്ങൾ അയച്ചുകൊടുത്തു. താങ്കളുടെ അടുത്ത രാജ്യമായ നൈജീരിയയിൽ തങ്ങളുടെ മിഷനുണ്ടെന്ന് പറയുകയും ചെയ്തു. അവിടെ ബന്ധപ്പെട്ട് കൂടുതൽ ലിറ്ററേച്ചറുകളും അറിവുകളും കരസ്ഥമാക്കാവുന്നതാണെന്നും അറിയിച്ചു. അക്കാലത്ത് നസീം സയ്ഫിസാഹിബ് നൈജീരിയയുടെ മിഷണറി ഇൻചാർജായിരുന്നു. ഏറ്റവുമാദ്യം നൈജീരിയയിൽനിന്ന് ഒരു മുഅല്ലീം ഹംസ സുനി ഒലോ സാഹിബ് ഗാംബിയയിൽ വരികയും ഏകദേശം ഒരു വർഷംവരെ ബാഞ്ചോലിൽ തബ്‌ലീഗ് ചെയ്തു കൊണ്ടിരിക്കുകയും ചെയ്തു. അതിനുശേഷം ഘാനയിൽനിന്ന് ഒരു ലോക്കൽ മുഅല്ലിം സയീദ് ജിബ്‌രിൽ ഏതാനും മാസങ്ങൾക്കുവേണ്ടി വന്നു. അക്കാലത്ത് ഗാംബിയയിൽ വ്യവസ്ഥാപിതമായ നിലയിൽ ജമാഅത്ത് സ്ഥാപിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. അതുകൊണ്ട് സയീദ് സാഹിബ് തന്റെ കഴുത്തിൽ അഹ്മദിയ്യത്ത് എന്നെഴുതിയ ഒരു ബാഗ് തൂക്കിയിടുകയും ചുറ്റിക്കറങ്ങി ജനങ്ങൾക്ക് അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഇപ്രകാരം വിദ്യാസമ്പന്നരായ യുവാക്കൾക്ക് മർകസെ അഹ്മദിയ്യത്ത് ഖാദിയാനുമായി നല്ലബന്ധം സ്ഥാപിതമായി. അവിടെ നിന്ന് പത്രങ്ങളും മാസികകളും കൃത്യമായ നിലയിൽ വരാൻ തുടങ്ങി.*(അർളെബിലാൽ, മുനവ്വർ അഹ്മദ് ഖുർശീദ് മുബല്ലിഗ് സിൽസില)*

ഇന്തൊനേഷ്യയിലെ 4 യുവാക്കൾ 1923-ൽ മതവിദ്യഭ്യാസത്തിന് ഇന്ത്യയിൽ വന്നപ്പോൾ ഖാദിയാനിൽ വന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓനോട് ദീനി വിദ്യാഭ്യാസത്തിന് അപേക്ഷിച്ചു. ഇതേ സമയത്തുതന്നെ അവർ അഹ്മദിയ്യത്ത് സ്വീകരിക്കുകയും ചെയ്തു. അവിടെനിന്ന് തങ്ങളുടെ രാജ്യത്തും ത്ബലീഗ് പ്രവർത്തനം ആരംഭിച്ചു,

ജപ്പാനിൽ വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്ؑന്റെ കാലത്തുതന്നെ ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്ؓവിന്റെ തബ്‌ലീഗ് കത്തുകൾ മുഖേന ഇസ്‌ലാമിന്റെ സന്ദേശം എത്തിയിട്ടുണ്ടായിരുന്നു. എന്നാൽ, 1935-ലാണ് സ്വൂഫി അബ്ദുൽഖാദിർ നിയാസ് സാഹിബ് മുഖേന വ്യവസ്ഥാപിതമായ നിലയിൽ മിഷൻ സ്ഥാപിതമായത്.

പൂർവേഷ്യൻ രാജ്യങ്ങളിൽ വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്ؑന്റെ ജീവിതകാലത്ത് അഹ്മദിയ്യത്ത് സ്വീകരിക്കുവാൻ സൗഭാഗ്യം സിദ്ധിച്ചവരിൽ ചില പേരുകൾ ഇതാണ്. ഹോങ്കോങ്ങിലും ചൈനയിലും ഹദ്റത്ത് ഖാരിഗുലാം മുജ്തബാ സാഹിബ്ؓ, ഖാരി ഗുലാം ഹം സാഹിബ് ؓ. ഓസ്ട്രേലിയയിൽ ഹദ്റത്ത് സ്വൂഫി ഹസൻ മൂസാ സാഹിബ്ؓ1903 സെപ്തംബറിൽ ബയ്അത്ത് ചെയ്തു. ന്യൂസീലൻഡ്(New Zealand)ൽ നിന്ന് 1908 മെയ് മാസത്തിൽ ഹദ്റത്ത് പ്രൊഫസർ ക്ലെമന്റ് റേഗ് സാഹിബ്ؓവാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്ؑനെ സന്ദർശിക്കുകയും തിരിച്ചുപോയി ബയ്അത്ത് ചെയ്യുകയും ചെയ്തു. ഫിജിയിലെ പ്രഥമ അഹ്മദി ഹാജി മുഹമ്മദ് റമളാൻ സാഹിബ് 1959-ൽ അഹ്മദിയ്യത്തിൽ പ്രവേശിച്ചു.

ചൈനയിൽ നമ്മുടെ ആദ്യത്തെ മുബല്ലിഗ് സ്വൂഫി അബ്ദുൽ ഗഫൂർ സാഹിബ് 1935-ലെത്തുകയുണ്ടായി. എന്നാൽ, 1924-ൽ അഹ്മദിയ്യത്തിന്റെ സന്ദേശം അവിടെ എത്തിയിട്ടുണ്ടായിരുന്നു. പല അഹ്മദികളും അവിട ഉണ്ടായിരുന്നതായി മനസ്സിലാകുന്നുണ്ട്. എന്നാൽ, അവർക്ക് മർകസുമായി ബന്ധമുണ്ടായിരുന്നില്ല. (ഖുത്ബാത്തെ മഹ്മൂദ്, വാല്യം 8, പേജ് 312) (തുടരും)

ക്യൂആർ കോഡ്
സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ്
സന്ദർശിക്കൂ...

The Weekly BADR Qadian
(Malayalam)

നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:
രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

TOLL FREE NUMBER
1800 3010 2131

**• ഹദീഥുന്നബ്‌വിﷺ •**

**"അൽഅഅ്മാലു ബിൽ ഖവാതീമി"**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വിﷺ •**

**"ഊസ്വീക്കും ബിൽജാരി."**

**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 16 October 2025 Issue-42

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

ANNUAL SUBSCRIPTION : Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# “ഞാൻ നിന്റെ സന്ദേശത്തെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതായിരിക്കും” ഈ വെളിപാടിന്റെ പശ്ചാത്തലവും മസീഹ് മൗഊദ്عليه السلامന്റെ സന്ദേശം ഭൂമിയുടെ അറ്റങ്ങളോളമെത്തിയതിന്റെ അത്ഭുതകരമായ ദൃശ്യങ്ങളും

**അബ്ദുസ്സമിഅ് ഖാൻ, ഉസ്താദ് ജാമിഅ അഹ്മദിയ്യ ഘാന**
*വിവർത്തനം:മുഹമ്മദ് മൻസിൽ മുറിയക്കണ്ണി*

ഹദ്റത്ത് മസീഹ് മൗഊദിعليه السلامന്റെ വെളിപാടുകളുടെ സമാഹാരമായ ‘തദ്കിറ’യിൽനിന്ന് അല്ലാഹു അദ്ദേഹത്തിന് ദൈവിക സഹായത്തിന്റേയും ആഗോള വിജയത്തിന്റേയും ധാരാളം സുവാർത്തകൾ നൽകിയിട്ടുണ്ടെന്ന് മനസ്സിലാകുന്നുണ്ട്. കൂടാതെ ഒരു തരത്തിലുള്ള സംശയവും ബാക്കിയാവാത്ത നിലയിൽ അവ ആവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ആ വെളിപാടുകളിലൊന്ന് ‘ഞാൻ നിന്റെ സന്ദേശത്തെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതായിരിക്കും’എന്നതുമാണ്. 1898-ൽ ഇറങ്ങിയതാണ് ഈ ഇൽഹാം. അതായത് ഇന്നേക്ക് 126 വർഷം മുമ്പേ വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്عليه السلامന്റെ സത്യസാക്ഷ്യം സ്ഥാപിക്കാൻ ഈയൊരു ഇൽഹാം മാത്രം മതിയായതാണ്! ഈ ഇൽഹാമുമായി സാമ്യതയുള്ള വെളിപാടുകളും ഇതിനോടു ചേർന്നുവരുന്ന വാക്കുകളിൽ മറ്റ് വെളിപാടുകളുമുണ്ട്. അവയിൽ ചിലത് ഇതാണ്:

“ഞാൻ നിനക്ക് ഭൂമിയുടെ കോണുകളോളം ആദരവോടുകൂടി പ്രസിദ്ധി നൽകുന്നതാണ്.” *(തദ്കിറ, പേജ് 149, ഖാദിയാൻ 2008)*

“അവൻ നിന്റെ പ്രസ്ഥാനത്തേയും നിന്റെ ജമാഅത്തിനേയും ഭൂമിയിൽ വ്യാപിപ്പിക്കുകയും അവർക്ക് അനുഗ്രഹങ്ങൾ നൽകുകയും, വർധന ഉണ്ടാക്കുകയും അവരുടെ ആദരവിനെ ഭൂമിയിൽ നിലനിറുത്തുകയും ചെയ്യുന്നതാണ്.” *(തുഹ്ഫത്തുന്നദ്‌വ, റൂഹാനീ ഖസാഇൻ, വാല്യം 19, പേജ് 97)*

അറബി ഇൽഹാം: *(തദ്കിറ പേജ് 260)*

“അല്ലഹു എന്നോടു വാഗ്ദാനം ചെയ്തിരിക്കുന്നു, അവനെന്നെ സഹായിക്കുന്നതാണ്;ഏതുവരെയെന്നാൽ എന്റെ കാര്യം ഭൂമിയുടെ ഓരോ കിഴക്കും പടിഞ്ഞാറും എത്തിക്കുന്നതാണ്.

### ഇംഗ്ലീഷിൽ ഇൽഹാം

I shall give you a large party of Islam. *(തദ്കിറ, പേജ് 80)*

1) ഈ വെളിപാടുകളിറങ്ങിയ കാലത്ത് വാഗദ്ത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദിعليه السلامനുണ്ടായ എതിർപ്പിന്റെ അവസ്ഥ എന്തായിരുന്നു?

2) വെളിപാട് ഇറങ്ങിയ കാലത്ത് അദ്ദേഹത്തിന്റെ സന്ദേശം എവിടംവരെ എത്തിയിട്ടുണ്ടായിരുന്നു?

3) ഭൂമിയുടെ അറ്റങ്ങളെന്നതുകൊണ്ട് എന്തായിരുന്നു ഉദ്ദേശിച്ചിരുന്നത്?

4) ഭൂമിയുടെ അറ്റങ്ങൾവരെ വാഗ്ദത്ത മസീഹിന്റെعليه السلام സന്ദേശം എത്തുന്ന അത്ഭുതകരമായ ദൃശ്യങ്ങൾ

### വെളിപാടിന്റെ പശ്ചാത്തലം

ഇൽഹാമിന്റെ പശ്ചാത്തലം പരിശോധിക്കുന്നതിനുവേണ്ടി അതിന് 4 വർഷം മുമ്പേ അതായത് 1894 മുതൽ 1897 വരെയുള്ള അവസ്ഥകളിലേക്ക് നമുക്കൊന്ന് ദൃഷ്ടി പായിക്കാം. മുസ്‌ലിം സമുദായം കാലങ്ങളായി ഏതൊരു മഹ്ദിയെയാണോ കാത്തിരുന്നത് അതിന്റെ അടയാളങ്ങളിലൊന്ന് സൂര്യചന്ദ്രഗ്രഹണങ്ങളുടെ അടയാളമായിരുന്നു എന്ന് ചരിത്രത്തിൽനിന്ന് മനസ്സിലാവുന്നു. ഇത് 1894 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പ്രകടമായി. ചില പരിശുദ്ധാത്മാക്കൾ ഇതുകണ്ട് ഹദ്റത്ത് അഹ്മദ്عليه السلامനെ സ്വീകരിച്ചു. എന്നാൽ, പൊതുവിൽ മുസ്‌ലിം സമുദായം ഈ അടയാളത്തെ തള്ളിക്കളയുകയാണുണ്ടായത്. പണ്ഡിതന്മാർ പല തരത്തിലുള്ള ഒഴിവുകഴിവുകൾ പടച്ചുണ്ടാക്കി ഹദീഥിനെ അംഗീകരിക്കുന്നത് നിഷേധിച്ചു. നിവേദനങ്ങൾ കളവാണെന്ന് വിധിച്ചു. പ്രകൃതി നിയമത്തെ വേരോടെ, പിഴുതെടുക്കുന്നതിന് മതിയായ നിലയിൽ ചന്ദ്രഗ്രഹണത്തിന് അവർ സ്വയമേവ തിയതികൾ പടച്ചു നിശ്ചയിച്ചു. വാഗ്ദത്ത മഹ്ദീ മസീഹ്عليه السلامഅവർക്ക് മറുപടിയായി ഒരുപാട് തെളിവുകൾ സമർപ്പിച്ചു. ഒരുപാട് ഗ്രന്ഥങ്ങളെഴുതി. ഒട്ടനവധി വെല്ലുവിളികൾ നടത്തി. എന്നാൽ, അംഗീകരിക്കുന്നവർ വളരെ തുച്ഛവും നിഷേധിക്കുന്നവർ ആയിരം ഇരട്ടിയിലധികവുമായിരുന്നു. 1890-ൽ വാഗ്ദത്ത മഹ്ദീ മസീഹ്عليه السلام ഈസാനബിയുടെ മരണത്തെ സംബന്ധിച്ച വെളിപാട് വിളംബരം ചെയ്തു. അക്കാരണത്താൽ പൊതുവിൽ മുസ്‌ലിമീങ്ങൾ പ്രകോപിതരായിരുന്നു. എന്നാൽ, 1895-ൽ വാഗ്ദത്ത മഹ്ദീ മസീഹ്عليه السلام ഈസാമസീഹ്عليه السلامന്റെ ഖബ്ർ കശ്മീരിലെ ശ്രീനഗറിൽ സ്ഥിതിചെയ്യുന്നുവെന്ന കണ്ടുപിടിത്തവും നടത്തി. ഈ വിളംബരം മുസ്‌ലിമീങ്ങളുടെയും ക്രിസ്ത്യാനികളുടെയും വിങ്ങിക്കൊണ്ടിരുന്ന ഞരമ്പുകളിലാണ് കൈവെച്ചത്. ഈ രണ്ട് സമൂഹങ്ങളും അഗ്നിജ്വാലകളായിമാറി.

1896-ൽ വാഗ്ദത്ത മഹ്ദീ മസീഹ്عليه السلام, കാബുൾ ഭരണാധികാരി അമീർ അബ്ദുർറഹ്മാനിന്റെ പേരിൽ ഒരു പ്രബോധന കത്തയക്കുകയും അത് ഹദ്റത്ത് മൗലവി അബ്ദുർറഹ്മാൻ സാഹിബ് ശഹീദ് അദ്ദേഹത്തിനു കൊടുക്കാൻ കൊണ്ടു പോവുകയും ചെയ്തു. അതിന് അമീർ നൽകിയ മറുപടി ‘ഇവിടെ വന്ന് പറയുക’ എന്നതായിരുന്നു. അതായത് കാബൂളിൽവന്ന് വാദം ഉന്നയിക്കുകയാണെങ്കിൽ വിവരം അറിയുമെന്നായിരുന്നു! അതിനുശേഷം മുഹമ്മദു ഹുസയ്ൻ ബട്ടാലവി സാഹിബ് കാബൂളിൽ പോവുകയും അമീറിനെ നല്ലപോലെ പ്രകോപിതനാക്കുകയും ചെയ്തുകൊണ്ടു പറഞ്ഞു: ‘മിർസാ സാഹിബ് കാബൂളിൽ പോവുകയാണെങ്കിൽ ജീവനോടെ തിരിച്ചു വരികയില്ല.’ *(താരീഖെ അഹ്മദിയ്യത്ത് വാല്യം 1, പേജ് 548).*

അതിനുശേഷം കാബുൾ അമീർ ഹദ്റത്ത് മൗലവി അബ്ദുർറഹ്മാൻ സാഹിബ്رضي الله عنهനെ ശഹീദാക്കി. 1903-ൽ ഹദ്റത്ത് സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബ്رضي الله عنهനെയും വാഗ്ദത്ത മഹ്ദീമസീഹ്عليه السلامനെ വിശ്വസിച്ചുവെന്ന കുറ്റം കാരണത്താൽ കല്ലെറിഞ്ഞ് ശഹീദാക്കി.

1896-ൽത്തന്നെ വാഗ്ദത്ത മഹ്ദീമസീഹ്عليه السلامഇന്ത്യയിലെ മുഴുവൻ പണ്ഡിതന്മാരോടും ഫഖീർമാരോടും മുബാഹല ആഹ്വാനം നടത്തി. അതിന്റെ ഫലമായി അവരുടെ മുരീദന്മാരിൽ വെറുപ്പിന്റെ തിരമാലകൾ അടിച്ചുയർന്നു. 1906 വരെയും ആ എതിരാളിപ്പണ്ഡിതന്മാരിൽ ഭൂരിപക്ഷത്തിന്റെ അന്ത്യം കുറിക്കപ്പെടുകയും ജീവനോടെ ബാക്കിയായവർ ഏതെങ്കിലും തരത്തിലുള്ള പരീക്ഷണത്തിൽ അകപ്പെടുകയും ചെയ്തു. *(താരീഖെ അഹ്മദിയ്യത്ത് വാല്യം 1 പേ: 551)*

1893-ൽ പാതിരി അബ്ദുല്ലാഹ് ആഥിമുമായി, വാഗ്ദത്ത മഹ്ദീ മസീഹ്عليه السلام വാദപ്രതിവാദം(ജംഗെ മുഖദ്ദസ്)നടത്തിയിരുന്നു. അതിന്റെ അവസാനത്തിൽ മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്عليه السلامഅബ്ദുല്ലാഹ് ആഥിമിന്റെ നാശത്തെ സംബന്ധിച്ച് പ്രവചനം നടത്തി. എന്നാൽ, അയാൾ

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin